# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വാണിമേൽ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ.കെ.കെ.ഡി.പി 4/1428/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 03/11/2023
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ

ചെയർപേഴ്സൺ (സെക്രട്ടറി മുഖേന)
വാണിമേൽ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വാണിമേൽ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വാണിമേൽ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.കെ.കെ.ഡി.പി 4/1428/2023 തീയ്യതി: 03/11/2023

## കോഴിക്കോട് ജില്ലയിലെ വാണിമേൽ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ വാണിമേൽ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 09-02-2023 മുതൽ 05-09-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 21 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. ജോഷോ ബെന്നറ്റ് ജോൺ , കെ.എ.എസ് | ഡെപ്യൂട്ടി ഡയരക്ടർ | 07-09-2023 | 15-09-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 07-09-2023 | 15-09-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ബാലകൃഷ്ണൻ കെ.എം,ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)

ഗിരീശൻ പാറപ്പൊയിൽ ,ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)

രാജീവൻ എൻ, സീനി.ഗ്രേ ഓഡിറ്റർ

ജാസിർ സി.എം,സീനി.ഗ്രേ ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി സുരയ്യ ടീച്ചർ പി | ചെയർപേഴ്സൺ | 01-04-2022 | 31-03-2023 |
| ശ്രീ. ഉമ്മർകുട്ടി കെ.വി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2022 | 21-04-2022 |
| ശ്രീ. സജീവൻ എം.സി | സെക്രട്ടറി | 22-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. ഉമ്മർകുട്ടി കെ.വി | അസി.സെക്രട്ടറി | 01-04-2022 | 06-11-2022 |
| ശ്രീ. ഇബ്രാഹിം | അസി.സെക്രട്ടറി | 07-11-2022 | 31-03-2023 |
| ശ്രീ. സിദ്ദിഖ് എം.വി | വി.ഇ.ഒ,വെള്ളിയോട് സർക്കിൾ | 01-04-2022 | 31-03-2023 |
| ശ്രീമതി മഞ്ജുഷ സി.കെ | വി.ഇ.ഒ,വാണിമേൽ സർക്കിൾ | 01-04-2022 | 31-03-2023 |
| ശ്രീ. അബ്ദുല്ല പി | ഹെഡ്മാസ്റ്റർ | 01-04-2022 | 31-03-2023 |
| ശ്രീമതി രമ കെ.എൽ | ഐ.സി.ഡി.എസ് സൂപ്പർ വൈസർ | 01-04-2022 | 31-03-2023 |
| ശ്രീ. വിജയകുമാർ | കൃഷി ഓഫീസർ | 01-04-2022 | 02-08-2022 |
| ശ്രീമതി അർച്ചന കെ.പി | കൃഷി ഓഫീസർ | 03-08-2022 | 30-09-2022 |
| ശ്രീമതി സജീറ സി | കൃഷി ഓഫീസർ | 01-10-2022 | 05-11-2022 |
| ശ്രീമതി അർച്ചന കെ.പി | കൃഷി ഓഫീസർ | 06-11-2022 | 31-03-2023 |
| ഡോ. ദിൽവേദ് ആർ.എസ് | വെറ്ററനറി സർജൻ | 01-04-2022 | 31-03-2023 |
| ഡോ.ബെന്നിമോൻ | മെഡിക്കൽ ഓഫീസർ ,പി.എച്ച്.സി | 01-04-2022 | 31-03-2023 |
| ഡോ.മുൻഷിദ് എൻ.ടി | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2022 | 17-04-2022 |
| ഡോ ഷെറിൻ ടി | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 18-04-2022 | 31-03-2023 |
| ശ്രീമതി സുനിഷ ഇ.കെ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പര്‍ |
|---|---|---|
| 1 | ഓഡിറ്റ് സര്‍ട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ട പ്രകാരമുള്ള എല്ലാ പത്രികളും ഉള്‍പ്പെടുത്തിയിട്ടില്ല | 1-1-1 |
| 3 | ക്യാഷ്-ഫ്ലോ പത്രികയിലെ അപാകതകള്‍ | 1-1-2 |
| 4 | രജിസ്റ്റര്‍ സൂക്ഷിപ്പ്. | 1-1-3 |
| 5 | സമയബന്ധിതമായി ഡിമാന്റ് എന്‍ട്രികള്‍ രേഖപ്പെടുത്തുന്നില്ല. | 1-1-4 |
| 6 | തുകകള്‍ തമ്മില്‍ പൊരുത്തപ്പെടുന്നില്ല. | 1-1-5 |
| 7 | ആസ്തി ബാലന്‍സ് ഷീറ്റില്‍ ഉള്‍പ്പെടുത്തിയിട്ടില്ല | 1-1-6 |
| 8 | ലെഡ്ജര്‍ ബാലന്‍സുകളും ആ ശീര്‍ഷകവുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും തമ്മില്‍ പ്രതിമാസം പൊരുത്തപ്പെടുത്തല്‍ നടത്തുന്നില്ല. | 1-1-7 |
| 9 | ആസ്തികള്‍ക്ക് തേയ്മാനം രേഖപ്പെടുത്തിയിട്ടില്ല. | 1-1-8 |
| 10 | ഇ-ടെണ്ടര്‍ ഫീ സംബന്ധിച്ച് | 1-1-9 |
| 11 | ബജറ്റ് | 1-2 |
| 12 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 13 | ഫണ്ട് വിനിയോഗം | 1-4 |
| 14 | പദ്ധതി അവലോകനം | 1-5 |
| 15 | ആഭ്യന്തര നിയന്ത്രണം | 1-6 |
| 16 | ക്യാഷ് പരിശോധന | 1-7 |
| 17 | ടാക്സ് ഓഡിറ്റ് | 1-8 |
| 18 | സംരംഭക ലൈസന്‍സ് -അപാകതകള്‍ | 1-9 |
| 19 | തൊഴില്‍ നികുതി - ഡിമാന്റ് പൂര്‍ണ്ണമല്ല. | 1-10 |
| 20 | ക്ഷേമപെന്‍ഷന്‍ വിതരണത്തിലെ അപാകതകള്‍ | 1-11 |
| 21 | എം.ജി.എന്‍.ആര്‍.ഇ.ജി.എസ്. പ്രവൃത്തി ബില്ലുകളില്‍ നിന്ന് ജി.എസ്.ടി. ഈടാക്കി ഒടുക്കിയില്ല | 1-12 |
| 22 | റോഡുകളുടെ നിര്‍മ്മിതി മോര്‍ഡ് സ്പെസിഫിക്കേഷന്‍ പ്രകാരമല്ല | 1-13 |
| 23 | കരാറുകാരുമായി വയ്ക്കുന്ന കരാറിലെ വ്യവസ്ഥകള്‍ കാലഹരണപ്പെട്ടത് | 1-14 |
| 24 | ഇ ടെണ്ടര്‍ ഫീസ് സ്ഥാപനത്തിന് ലഭിക്കുന്നില്ല | 1-15 |
| 25 | അഗതി രഹിത കേരളം പദ്ധതിയിലെ ഗുണഭോക്താക്കള്‍ക്ക് ഭക്ഷണം നല്‍കുന്നതിന് നടപടി സ്വീകരിച്ചില്ല | 1-16 |
| 26 | ആശ്രയ ഭവന പുനരുദ്ധാരണം - പദ്ധതി മാനദണ്ഡങ്ങള്‍ പാലിക്കുന്നതില്‍ വീഴ്ച | 1-17 |

| | | |
|---|---|---|
| 27 | കുടുംബാരോഗ്യ കേന്ദ്രം ആശുപത്രി മാനേജിംഗ് കമ്മിറ്റിയുടെ കണക്കുകൾ ഓഡിറ്റിന് സമർപ്പിക്കുന്നതിൽ വീഴ്ച | 1-18 |
| 28 | കാർഷിക മേഖലയിൽ പദ്ധതികളാവിഷ്കരിക്കുന്നതിൽ വീഴ്ച | 1-19 |
| 29 | ജാഗ്രതാ സമിതി പ്രവർത്തനങ്ങളിലെ അപാകതകൾ | 1-20 |
| 30 | തൊഴിൽ സംരംഭങ്ങൾക്ക് ഊന്നൽ നൽകി പദ്ധതി രൂപീകരിക്കുന്നതിൽ വീഴ്ച | 1-21 |
| 31 | പെയിൻ ആന്റ് പാലിയേറ്റീവ് പ്രവർത്തനങ്ങളിലെ അപാകതകൾ | 1-22 |
| 32 | ഫിഷറീസ് / വനിതാ മേഖലകളിൽ പദ്ധതി നടപ്പാക്കിയില്ല | 1-23 |
| 33 | ബഡ്സ് സ്കൂൾ നടത്തിപ്പ് - ആവശ്യമായ ജീവനക്കാരെ നിയമിച്ചില്ല. | 1-24 |
| 34 | വിശപ്പു രഹിത കേരളം പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-25 |
| 35 | ജൈവ വൈവിധ്യ സംരക്ഷണ പ്രവർത്തനങ്ങൾ - പദ്ധതി നടപ്പാക്കിയതിന്റെ വിശദ വിവരങ്ങൾ ലഭ്യമല്ല | 1-26 |
| 36 | പുഴ പുറമ്പോക്ക് സംരക്ഷണത്തിൽ വീഴ്ച | 1-27 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215 (4) പ്രകാരം പഞ്ചായത്തിന്റെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, കെ.എസ്.എ.ഡി ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ് / കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് ഭരണസമിതിയുടെ 11.07.2023തിയ്യതിയിലെ 3/1 തീരുമാന പ്രകാരം തയ്യാറാക്കി 12.07.2023 തീയതിയിൽ പിൻതുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള വാണിമേൽ ഗ്രാമ പഞ്ചായത്തിന്റെ 2023 മാർച്ച് 31-ന് അവസാനിച്ച വർഷത്തിലെ രസീത്, പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് അക്കൗണ്ട് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്കും C&AG നൽകിയിട്ടുള്ള പഞ്ചായത്തി രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്യുകയും നടപ്പിലാക്കേണ്ടതുമുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/ മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഒരു ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.
അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, വാണിമേൽ ഗ്രാമ പഞ്ചായത്തിന്റെ 2022-23 വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

### 1-1-1 അക്കൗണ്ടിംഗ് ചട്ട പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല

അക്കൗണ്ടിംഗ് നയങ്ങളെ കുറിച്ചുള്ള കുറിപ്പുകൾ, അടിസ്ഥാന അനുപാതങ്ങൾ എന്നിവ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-2 ക്യാഷ്-ഫ്ലോ പത്രികയിലെ അപാകതകൾ

വാർഷികകണക്കിനോടൊന്നിച്ച് സമർപ്പിച്ച ക്യാഷ്-ഫ്ലോ പത്രികയിലെ ആകെ ക്യാഷ്-ഫ്ലോയും അതേ പത്രിതയിലെ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

1-1-3 രജിസ്റ്റർ സൂക്ഷിപ്പ്.

വാർഷികകണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ ആവശ്യമായ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല.

ഉദാ-സ്റ്റോക്ക് രജിസ്റ്റർ, നോൺ രജിസ്റ്റർ

1-1-4 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല.

അക്രൂവൽ അടിസ്ഥാനത്തിലുള്ള വരവുകൾക്ക് സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല.

ഉദാ-വസ്തു നികുതി ലെഡ്ജറിൽ വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും ഡിമാന്റ് എൻട്രി വരുത്തുന്നില്ല.

1-1-5 തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

വാർഷിക കണക്ക് പ്രകാരമുള്ള ഡെപ്പോസിറ്റ്, അഡ്വാൻസ് ഇനത്തിലുള്ള നീക്കിയിരിപ്പ് തുകകളും രജിസ്റ്ററിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ക്രമ നം | ഇനം | ഡെപ്പോസിറ്റ് /അഡ്വാൻസ് ഇനം | രജിസ്റ്റർ പ്രകാരമുള്ള തുക | വാർഷിക കണക്ക് പ്രകാരമുള്ള തുക |
|---|---|---|---|---|
| 1 | ഡെപ്പോസിറ്റ് | Contractors Retension | രേഖപ്പെടുത്തിയിട്ടില്ല | 2,58,945 |
| 2 | അഡ്വാൻസ് | M.G.N.R.E.G.S Advance | 10,06,739 | 13,88,272 |
| 3 | അഡ്വാൻസ് | Advance To Implementing Officers | 15,00,000 | 0 |

1-1-6 ആസ്തി ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല

സ്ഥാപനത്തിന്റെ മുഴുവൻ ആസ്തികളും ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

ഉദാ-വാഹനം

1-1-7 ലെഡ്ജർ ബാലൻസുകളും ആ ശീർഷകവുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും തമ്മിൽ പ്രതിമാസം പൊരുത്തപ്പെടുത്തൽ നടത്തുന്നില്ല.

സ്ഥാപനം ആഭ്യന്തര നിയന്ത്രണ സംവിധാനത്തിന്റെ ഭാഗമായി ലെഡ്ജർ ബാലൻസുകളും ആ ശീർഷകവുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും തമ്മിൽ പ്രതിമാസം പൊരുത്തപ്പെടുത്തൽ നടത്തുന്നില്ല.

1-1-8 ആസ്തികൾക്ക് തേയ്മാനം രേഖപ്പെടുത്തിയിട്ടില്ല.

ആസ്തികൾക്ക് വർക്ക് ഷീറ്റ് പ്രകാരം ആസ്തകളുടെ തേയ്മാനം നിശ്ചിത നിരക്കിൽ കണക്കാക്കാതെയാണ് തേയ്മാനം കണക്കിൽ ഉൾപ്പെടുത്തിയത്.

1-1-9 ഇ-ടെണ്ടർ ഫീ സംബന്ധിച്ച്

ഇ-ടെണ്ടർ ഫീ ഇനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭ്യമാകേണ്ട തുക നിലവിൽ ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ എക്കൗണ്ടിലേക്കാണ് വരവ് വെക്കുന്നത്. ഈയിനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭിക്കാനുള്ള വിഹിതം ഡിമാന്റ് ചെയ്ത് ആയത് ബാലൻസ് ഷീറ്റിൽ ഷെഡ്യൂൾ ബി-15 ൽ ഉൾപ്പെടുത്തിയിട്ടില്ല.

1-2 ബജറ്റ്

23.3.2022 ൽ ചേർന്ന ഭരണ സമിതി 50/2022(2) നമ്പർ തീരുമാനപ്രകാരം സ്ഥാപനത്തിന്റെ ബജറ്റ് താഴെ പറയും പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

| | |
|---|---|
| മുന്നിരിപ്പ് | 14,219 |
| വരവ് | 39,35,70,200 |
| ആകെ വരവ് | 39,37,11,419 |
| ചെലവ് | 39,24,41,400 |
| നീക്കിയിരിപ്പ് | 12,70,019 |

1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 19991409 |
| വരവ് | 4,46,20,043 |
| ആകെ | 6,46,11,452 |
| ചെലവ് | 4,04,16,019 |
| നീക്കിയിരിപ്പ് | 2,41,95,433 |

1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഒ.ബി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 0 | 22033967 | 22033967 | 20180028 | 1853939 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 0 | 182987 | 182987 | 173489 | 9498 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 0 | 2385156 | 2385156 | 2137964 | 247192 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 1138600 | 1138600 | 9478497 | 1907503 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 5731000 | 5731000 | 3476828 | 2254172 |
| സെൻട്രൽ ഫിനാൻസ് | PFMS | 3011816 | 5903000 | 8914816 | 2556058 | 6358758 |

| | | | | | | |
|---|---|---|---|---|---|---|
| കമ്മീഷൻ ഗ്രാന്റ് -ടൈഡ് | | | | | | |
| (Tied) | TREASURY | 0 | 4247548 | 4247548 | 3709396 | 538152 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്- | PFMS | 3597132 | 4238370 | 7835502 | 4264006 | 3571496 |
| അൺ- ടൈഡ് (Untied) | TREASURY | 0 | 0 | 0 | 0 | 0 |

ഫണ്ട് വിനിയോഗപത്രികയിലെ അപാകതകൾ

1.പ്രോജക്ട് നം-96/22-23 പ്രകാരം "ജൈവവൈവിധ്യ സംരക്ഷണപ്രവർത്തനം" എന്ന പ്രോജക്റ്റിൽ 122350/-രൂപയാണ് ചെലവഴിച്ചിരിക്കുന്നത്.തുക ചെലവഴിച്ചത് തനത് ഫണ്ടിൽ നിന്നാണെങ്കിലും ചെലവ് പത്രികയിൽ ചേർത്തിരിക്കുന്നത് " മറ്റുള്ളവ " എന്ന ഇനത്തിലാണ്.

1-5 പദ്ധതി അവലോകനം

തൻവർഷം 183 പ്രൊജക്ടുകൾക്ക് അംഗീകാരം ലഭിച്ചതിൽ 147 പ്രൊജക്ടുകൾ നടപ്പിലാക്കി. 11,16,77,873/- രൂപ വകയിരുത്തിയതിൽ 5,94,07,522/- രൂപയാണ് ചെലവഴിച്ചത്. തൻവർഷം ലഭിച്ച തുകയിൽ 68,10,456/- രൂപ ചെലവഴിക്കാതെ നഷ്ടപ്പെടുത്തിയിട്ടുണ്ട്. വിശദവിവരങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

| ഫണ്ട് | ലാപ്സായ തുക |
|---|---|
| വികസന ഫണ്ട് (ജനറൽ) | 18,53,939 |
| എസ്.സി.പി | 9,498 |
| ടി.എസ്.പി | 2,47,192 |
| മെയിന്റനൻസ് ഗ്രാന്റ് (റോഡ് ) | 19,07,503 |
| മെയിന്റനൻസ് ഗ്രാന്റ് (നോൺ-റോഡ് ) | 22,54,172 |
| സി.എഫ്.സി ടൈഡ് (ട്രഷറി മുഖേന | 5,38,152 |
| ആകെ | 68,10,456 |

74 പ്രൊജക്ടുകൾക്ക് അംഗീകാരം ലഭിച്ചതിൽ 52 പ്രൊജക്ടുകൾ മാത്രമാണ് അസി.എഞ്ചിനീയർ നടപ്പിലാക്കിയത്. അസിസ്റ്റന്റ് എഞ്ചിനീയറുടെ സേവനം സ്ഥിരമായി ഗ്രാമപഞ്ചായത്തിന് ലഭിക്കാത്തതും പദ്ധതി നിർവ്വഹണത്തിലെ വീഴ്ചയ്ക്ക് കാരണമാണ്. കാർഷിക മേഖലയിലെ പ്രശ്നങ്ങൾക്ക് പരിഹാരം നിർദ്ദേശിക്കുന്ന പദ്ധതികൾ കൃഷിഓഫീസർ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടില്ല. മത്സ്യമേഖല, വനിത, ചെറുകിടവ്യവസായ മേഖലകളിൽ പദ്ധതികളാവിഷ്കരിച്ചു നടപ്പിലാക്കിയിട്ടില്ല. പദ്ധതികൾ മോണിറ്ററിംഗ് നടത്തുന്നതിനുള്ള സംവിധാനം പ്രവർത്തിക്കുന്നില്ല. പ്രൊക്വയർമെന്റ് കമ്മിറ്റി, വിവിധ വർക്കിംഗ് ഗ്രൂപ്പുകൾ എന്നിവയുടെ പ്രവർത്തനം തൃപ്തികരമല്ല. സെക്രട്ടറി നടപ്പിലാക്കിയ പദ്ധതികൾ പരിശോധിച്ചതിൽ പദ്ധതി പ്രവർത്തനം സംബന്ധിച്ച ഫയലുകൾ പൂർണ്ണമല്ല. ഉദാഹരണമായി ജൈവ

വൈവിധ്യ സംരക്ഷണ പ്രവർത്തനങ്ങൾ എന്ന പ്രവൃത്തിയിൽ മുളന്തൈകൾക്ക് പണം നൽകിയതല്ലാതെ സാധനങ്ങൾ ലഭിച്ചതിന്റേയോ തൈകൾ വെച്ചു പിടിപ്പിച്ചതിന്റേയോ രേഖകൾ ഫയലിൽ ലഭ്യമല്ല.

## 1-6 ആഭ്യന്തര നിയന്ത്രണം

തനതു നികുതി വരുമാനം വർദ്ധിപ്പിക്കുന്നതു സംബന്ധിച്ച് 2021-22 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ച അപാകതകൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. ട്രേഡേഴ്സ് ലിസ്റ്റ് അപൂർണ്ണമാണ്. സഞ്ചയ റിപ്പോർട്ട് പ്രകാരമുള്ള സ്ഥാപനങ്ങളുടെ വിവരങ്ങൾ മാത്രമാണ് ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളെയും ഫീൽഡ് പരിശോധനയിലൂടെ കണ്ടെത്തി റിപ്പോർട്ട് ചെയ്യണമെന്ന പരാമർശത്തിൽ തുടർനടപടികൾ സ്വീകരിച്ചിട്ടില്ല. 2022-23 വർഷത്തെ വിവരാവകാശ അപേക്ഷകളിൻമേൽ നൽകിയ മറുപടി പരിശോധിച്ചതിൽ ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന ധാരാളം വ്യാപാര സ്ഥാപനങ്ങളുള്ളതായി കാണുന്നു. സഞ്ചയ റിപ്പോർട്ട് പ്രകാരം ഗ്രാമപഞ്ചായത്തിൽ 2236 വാണിജ്യ കെട്ടിടങ്ങൾ ഉള്ളതായി കാണുന്നു. എന്നാൽ എഫ്.ടി.ഒ & ഒ.എസ് രജിസ്റ്റർ പ്രകാരം ലൈസൻസ് നൽകിയ സ്ഥാപനങ്ങളുടെ എണ്ണം 486 ഉം ഇതിനായി ഉപയോഗപ്പെടുത്തിയ കെട്ടിടങ്ങളുടെ എണ്ണം 583 ഉം ആണ്. വിവരാവകാശ രജിസ്റ്റർ, പരാതി രജിസ്റ്റർ, ഇലക്ട്രോണിക് ഉപകരണങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ തുടങ്ങിയവ മേലുദ്യോഗസ്ഥർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല.തെരുവ് വിളക്ക് രജിസ്റ്റർ പൂർണമല്ല. ഗ്രാമ പഞ്ചായത്ത് പരിധിയിൽ നിലവിൽ പ്രവർത്തിക്കുന്ന ആകെ തെരുവ് വിളക്കുകളുടെ എണ്ണം,തരം എന്നിവ തെരുവ് വിളക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ജാഗ്രതാസമിതിയുടെ പ്രവർത്തനം ശുഷ്കമാണ്. ജാഗ്രതാസമിതി മിനിട്സ് പരിശോധിച്ചതിൽ ചെയർപേഴ്സൺ സമിതിയോഗങ്ങളിൽ പങ്കെടുക്കുന്നതായി കാണുന്നില്ല. മാനുവൽ രശീതികളുടെ പിരിവ് പരിശോധിച്ചതിൽ ഒടുക്കുവിവരം മേലുദ്യോഗസ്ഥർ പരിശോധിച്ച് ഉറപ്പുവരുത്തുന്നതായി കാണുന്നില്ല. ഹരിതകർമ്മസേനയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കേണ്ടതുണ്ട്.

## 1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13.09.2023 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1,000/- രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു/ഇല്ല.

## 1-8 ടാക്സ് ഓഡിറ്റ്

ആറാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ രണ്ടാമത് റിപ്പോർട്ടിലെ ശുപാർശകൾ പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിഭവസമാഹരണത്തിന്റെ കാര്യക്ഷമതയ്ക്ക് പ്രാധാന്യം നൽകിക്കൊണ്ട് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ടാക്സ് ഓഡിറ്റ് നടത്തുന്നതിനുള്ള സർക്കാർ നിർദേശപ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 11.07.2023 ലെ ഡി.കെ.എസ്.എ.3683/ എസ്.എസ്.3/2019 നമ്പർ കത്തിലെ മാർഗനിർദേശങ്ങളുടെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തുകളിൽ ടാക്സ് ഓഡിറ്റ് നടത്തുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്.

കേന്ദ്ര-സംസ്ഥാന സർക്കാരുകളിൽ നിന്ന് ലഭിക്കുന്ന വിഹിതങ്ങളും ധനസഹായങ്ങളും, നികുതി നികുതിയേതര തനതു സ്രോതസ്സുകളുമാണ് ഗ്രാമപഞ്ചായത്തുകളുടെ വരുമാന മാർഗ്ഗങ്ങൾ. നികുതിയിനത്തിൽ വസ്തു നികുതി,തൊഴിൽ നികുതി എന്നിവയും ഫീ ഇനത്തിൽ സംരംഭകലൈസൻസ് ഫീ,കെട്ടിട നിർമ്മാണത്തിനുള്ള പെർമിറ്റ് ഫീ എന്നിവയുമാണ് പ്രധാന തനത് വരുമാന സ്രോതസ്സുകൾ. 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, വസ്തുനികുതി സംബന്ധിച്ച് സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ എന്നിവയ്ക്ക്

വിധേയമായാണ് ഗ്രാമപഞ്ചായത്തുകൾ വസ്തുനികുതി ചുമത്തി വസൂലാക്കേണ്ടത്.

കെട്ടിടങ്ങൾ സംബന്ധിച്ച വിവരം

ഗ്രാമപഞ്ചായത്തിൽ നിന്ന് സഞ്ചയ സോഫ്റ്റ് വെയറിലെ കണക്കുകൾ എന്നിവ പ്രകാരം ഗ്രാമപഞ്ചായത്തിലെ 16 വാർഡുകളിലായി കെട്ടിടങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പാർപ്പിടാവശ്യത്തിനുള്ളവ | 7986 |
| വാണിജ്യകെട്ടിടങ്ങൾ | 2235 |
| വിദ്യാഭ്യാഭ്യാസ ആവശ്യം | 23 |
| ആശുപത്രികൾ | 4 |
| അസംബ്ലി കെട്ടിടം | 50 |
| വ്യവസായം | 12 |
| ഇതര വ്യവസായം | 24 |
| നികുതി ഒഴിവാക്കപ്പെട്ടവ | 202 |
| ടെലിഫോൺ ടവർ | 9 |
| ആരാധനാലയം | 37 |
| കാർഷികാവശ്യം | 35 |
| ആകെ | 10617 |

നികുതി വരുമാനം

2022-23 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്തിന്റെ റസിഡൻഷ്യൽ, നോൺറെസിഡൻഷ്യൽ ഇനങ്ങളിൽ വസ്തു നികുതി ഡിമാന്റ് 36,17,601/- രൂപയാണ്. വസ്തു നികുതി ഇനത്തിൽ ഗ്രാമപഞ്ചായത്തിൽ മുൻവർഷങ്ങളിലെ ഡിമാന്റ്,കളക്ഷൻ തുകകൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വർഷം | ഡിമാന്റ് | കളക്ഷൻ |
|---|---|---|---|
| 2 | 2020-21 | 30,72748/- | 30,72748/- |
| 3 | 2021-22 | 33,65536/- | 33,65536/- |
| 4 | 2022-23 | 36,17601/- | 36,17601/- |

2022-23 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രകാരം വസ്തുനികുതിയിനത്തിൽ പ്രതീക്ഷിത വരവ് 45,00,000/- രൂപയായിരുന്നു. വാർഷിക കണക്കുകൾ പ്രകാരം തൻവർഷം ഈയിനത്തിലെ വരവ് 36,17,601/- രൂപയാണ്. ബജറ്റിൽ പ്രതീക്ഷിച്ചതിനേക്കാൾ 8,82,399/- രൂപ വസ്തു നികുതിയിനത്തിൽ കുറവ് വന്നിട്ടുണ്ട്. വസ്തു നികുതി പരിരിവുമായി ബന്ധപ്പെട്ട് ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ഇടപെടലുകൾ നടത്തുന്നുണ്ടെങ്കിലും ഘടനാപരമായി മാറ്റം വരുത്തിയ കെട്ടിടങ്ങൾ ഫീൽഡ് പരിശോധനയിലൂടെ കണ്ടെത്തി അത്തരം കെട്ടിടങ്ങളിൽ നികുതി പുനർനിർണ്ണയിക്കുന്നതിന് നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

2023 – 24 ലെ നികുതി പരിഷ്കരണം

22.03.2023ലെ സ.ഉ(സാധാ)77/2023/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം കേരളത്തിലെ ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിരുന്നു. അതുപ്രകാരം വസ്തുനികുതി നിരക്കുകൾ പുതുക്കി നിശ്ചയിക്കുന്നതിനായി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 19.05.2023ലെ 3/1 നമ്പർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 400938/PTRV01/GPO/2023/3103/തി-26.05.2023 നമ്പരായി അന്തിമ നോട്ടീസ് പുറപ്പെടുവിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ ഭൂപ്രദേശത്തെ പ്രഥമ, ദ്വിതീയ, തൃതീയ മേഖലകളായി തരം തിരിച്ചുകൊണ്ടുള്ള അന്തിമ വിജ്ഞാപനവും ഇതോടൊപ്പം ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ വസ്തുനികുതി പരിഷ്കരിച്ചത് സംബന്ധിച്ച് സഞ്ചയ സോഫ്റ്റ്‌വെയറിൽ മാറ്റം വരുത്തിയിട്ടില്ല. നിലവിൽ ഗ്രാമപഞ്ചായത്തിൽ പഴയ നിരക്കിലാണ് വസ്തു നികുതി ചുമത്തുന്നത്.

ഫീൽഡ്തല പരിശോധനകൾ

വസ്തുനികുതി നിർണ്ണയത്തിന് ശേഷം കെട്ടിടങ്ങളിൽ നടന്നിരിക്കാൻ സാധ്യതയുള്ള കൂട്ടിച്ചേർക്കലുകൾ, പരിവർത്തനങ്ങൾ, ഉപയോഗക്രമ മാറ്റം തുടങ്ങിയവയൊക്കെ കണ്ടെത്തി ആയതിനനുസരിച്ച് നികുതി പുനർനിർണ്ണയം നടത്തുന്നതിനും, അനധികൃതമായി നിർമ്മിക്കപ്പെട്ടതും നികുതി നിർണ്ണയിക്കപ്പെടാത്തതുമായ കെട്ടിടങ്ങൾ കണ്ടെത്തി അവയെല്ലാം വസ്തുനികുതി പരിധിയിൽ കൊണ്ടുവരുന്നതിനുമുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് ആരംഭിച്ചിട്ടില്ല.

ബിൽഡിംഗ് പെർമിറ്റ് /റെഗുലെറൈസേഷൻ

ഗ്രാമപഞ്ചായത്തിൽ ബിൽഡിംഗ് പെർമിറ്റ് ഇനത്തിൽ 243 അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത്.ആയതിൽ 93 അപേക്ഷകൾ റെഗുലറൈസേഷനുള്ളതാണ്. റെഗുലെറൈസേഷൻ ഫയലുകളിൽ അപാകതയുള്ളവ കേരള പഞ്ചായത്ത് രാജ് -ആക്ട് സെക്ഷൻ 235W പ്രകാരം യു.എ നമ്പർ നൽകി അനധികൃത നിർമ്മാണത്തിന് ബാധകമായ നിലയിൽ അധിക നികുതി ഈടാക്കിയിട്ടില്ല.

തൊഴിൽ നികുതി

ഗ്രാമപഞ്ചായത്ത് പരിധിക്കുള്ളിൽ തൊഴിൽ, വ്യപാരം, വ്യവസായം, മറ്റ് വരുമാന മാർഗ്ഗങ്ങളിൽ ഏർപ്പെടുന്നവർ എന്നിവർ ഉൾപ്പടെ തൊഴിൽ നികുതി ഒടുക്കാൻ ബാധ്യതപ്പെട്ടവർ മുഴുവൻ നികുതി പരിധിക്കുള്ളിൽ വന്നുവെന്ന് സ്ഥാപനം ഉറപ്പ് വരുത്തിയിട്ടില്ല. രജിസ്റ്ററുകളുടെ പരിപാലനത്തിലെയും തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നതിലുള്ള നടപടിക്രമങ്ങളിലെയും വീഴ്ചകൾ ഇത് വ്യക്തമാക്കുന്നു.തൊഴിൽ നികുതി ഡിമാന്റ് 100 ശതമാനമാക്കുന്നതിന് സ്ഥാപനം നടപടികൾ സ്വീകരിക്കാത്തത് സംബന്ധിച്ച് 2017-18 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ഖണ്ഡിക 2-4 ആയി ഉൾപ്പെടുത്തിയിരുന്നെങ്കിലും നിലവിലും അപാകത ആവർത്തിക്കുന്നുണ്ട്.

കച്ചവടക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്ന വേളയിൽ രണ്ടോ അതിലധികമോ തൊഴിലാളികൾ ജോലി ചെയ്യുന്നതായിട്ടുള്ള സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ നികുതി റിട്ടേൺ ആവശ്യപ്പെടുകയോ നികുതി ഈടാക്കുകയോ ചെയ്തിട്ടില്ല.കച്ചവടക്കാരിൽ നിന്നും പിരിച്ചെടുക്കുന്ന നികുതി പോലും ചട്ടങ്ങളിൽ പ്രതിപാദിച്ച നടപടിക്രമങ്ങളിലൂടെയല്ല കണക്കാക്കി ഈടാക്കി വരുന്നത്.

സ്ഥാപന ഉടമയിൽ നിന്നും സ്ഥാപനത്തിന്റെയും, തൊഴിലാളികളുടെയും വരുമാനം സംബന്ധിച്ച് റിട്ടേൺ വാങ്ങിയാണ് നികുതി കണക്കാക്കി ഡിമാന്റ് ചെയ്യേണ്ടത്. എന്നാൽ ഒരു നിശ്ചിത തുക ഈടാക്കുന്ന രീതിയാണ് നടന്നു വരുന്നത്. ഇത് വരുമാന ചോർച്ചയ്ക്ക് ഇടയാക്കുന്നു എന്നതു പോലെ ചട്ടങ്ങളുടെ ലംഘനവുമാണ്.

ഫീൽഡ് ജോലിക്ക് നിയോഗിക്കപ്പെട്ട ജീവനക്കാർ തങ്ങളുടെ കൃത്യനിർവഹണത്തിൽ വീഴ്ചവരുത്തുന്നത് മൂലം, കെട്ടിടനിർമ്മാണം, മാലിന്യ സംസ്കരണം, ഡി&ഒ, ശുചിത്വംതുടങ്ങി ഗ്രാമപഞ്ചായത്തിനെ ചുമതല എൽപിച്ച മേഖലകളിലെ നിയമലംഘനങ്ങൾ റിപ്പോർട്ടു ചെയ്യപ്പെടാതിരിക്കുകയും, ബന്ധപ്പെട്ട മേഖലകളിൽ പഞ്ചായത്തിന്റെ തുടർ നടപടി ഇല്ലാതിരിക്കുകയും, ആയതുകൊണ്ടു തന്നെപഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടാവുകയും ചെയ്യുന്ന അവസ്ഥ നിലനിൽക്കുന്നുണ്ട്. ഗ്രാമപഞ്ചായത്തിൽ അനധികൃത നിർമ്മാണം സംബന്ധിച്ച രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും ആയതിൽ വിവരങ്ങൾ രേഖപ്പെടുത്തിയത് അപൂർണ്ണമാണ്.

നികുതി അടയ്ക്കാൻ ബാധ്യസ്ഥരായ മുഴുവൻ സ്ഥാപനങ്ങളും തൊഴിൽ നികുതി പരിധിയിൽ ഉൾപ്പെടുത്തുന്നതിനായി താഴെ പറയുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതുമാണ്.

1. എല്ലാ കെട്ടിടങ്ങളുടെയും ഉടമസ്ഥരോട് കെട്ടിടം ഉപയോഗിക്കുന്നവരുടെ വിവരം ലഭ്യമാക്കാൻ അർദ്ധവർഷത്തിന്റെ തുടക്കത്തിൽ നോട്ടീസ് നൽകേണ്ടതും, ഇത് ലഭ്യമാകുന്ന മുറയ്ക്ക് ഡിമാന്റ് രജിസ്റ്റർ കാലികമാക്കേണ്ടതുമാണ്. നിലവിൽ ഉപയോഗിക്കുന്നില്ലെന്ന് അറിയിക്കുന്ന കെട്ടിടങ്ങളുടെ കാര്യത്തിൽ എല്ലാ അർദ്ധ വർഷത്തിന്റെയും തുടക്കത്തിൽ ഈ പ്രക്രിയ തുടരേണ്ടതാണ്. മേൽ നടപടിക്രമങ്ങൾക്ക് നിശ്ചിത ഫോറങ്ങൾ തൊഴിൽ നികുതി ചട്ടങ്ങളിലില്ലെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി ചട്ടങ്ങളിൽ ഭേദഗതി വരുത്തേണ്ടതും, അതുവരെ കേരള മുനിസിപ്പാലിറ്റി തൊഴിൽ നികുതി ചട്ടങ്ങളിലെ ഫോറം ഒന്നും, രണ്ടും ആവശ്യമായ മാറ്റങ്ങളോടെ സ്വീകരിച്ച് ഉപയോഗപ്പെടുത്താവുന്നതുമാണ്.

2. തൊഴിലുടമയോടോ, അവരുടെ പ്രതിനിധികളോടോ രണ്ടാം നമ്പർ ഫോറത്തിൽ തൊഴിലെടുക്കുന്നവരുടെ വിവരം ലഭ്യമാക്കാൻ ഒന്നാം നമ്പർ ഫോറത്തിൽ നോട്ടീസ് നൽകേണ്ടതാണ്. വിവരം ലഭ്യമാകുന്ന മുറയ്ക്ക് ഡിമാന്റ് രജിസ്റ്റർ കാലികമാക്കേണ്ടതാണ്.

3. ട്രേഡേഴ്സിന്റെ കാര്യത്തിൽ സ്ഥാപന ഉടമയിൽ നിന്നും സ്ഥാപനത്തിന്റെയും, തൊഴിലാളികളുടെയും വരുമാനം സംബന്ധിച്ച് റിട്ടേൺ വാങ്ങി നികുതി കണക്കാക്കി ഡിമാന്റ് ചെയ്യേണ്ടതാണ്.

4. മേൽ നോട്ടചുമതലയുള്ള ഉദ്യോഗസ്ഥനം, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും മേൽ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നത് നിരീക്ഷിക്കേണ്ടതും ആവശ്യമായ ഇടപെടലുകൾ നടത്തേണ്ടതുമാണ്.

### നികുതിയേതര വരവുകൾ

#### 1.സംരംഭക ലൈസൻസ് .

വാണിജ്യ-വ്യാവസായികവശ്യത്തിന് നമ്പർ നിർണ്ണയിച്ചിട്ടുള്ള 2235 ഡിമാന്റുകൾ ഉണ്ടെന്നിരിക്കെ (34 വേക്കൻസി റെമിഷൻ) 583 ഡിമാന്റുകൾ മാത്രമാണ് ലൈസൻസ് പരിധിയിൽ വന്നിട്ടുള്ളത്. ഇതുമായി ബന്ധപ്പെട്ട് 2018-19 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ഖണ്ഡിക 1-9 പരാമർശിച്ചിരുന്നുവെങ്കിലും അപാകത പരിഹരിക്കുന്നതിനുള്ള ക്രിയാത്മക നടപടികൾ സ്ഥാപനം കൈക്കൊണ്ടതായി കാണുന്നില്ല.

#### ഓഡിറ്റ് നിർദ്ദേശങ്ങൾ

1.സർക്കാർ നിർദ്ദേശിച്ചതു പ്രകാരം 01.04.2023 പ്രാബല്യത്തിൽ നികുതി പരിഷ്കരിക്കുന്നതിനാവശ്യമായ നടപടിക്രമങ്ങൾ അടിയന്തിരമായി പൂർത്തിയാക്കേണ്ടതും പുതുക്കിയ നികുതി നിരക്കുകൾ, മേഖലകൾ, റോഡുകൾ എന്നിവ സംബന്ധിച്ച മാറ്റങ്ങൾ അടിയന്തിരമായി സഞ്ചയ സോഫ്റ്റ് വെയറിൽ ഉൾക്കൊള്ളിക്കേണ്ടതുമാണ്.

2. 01.04.2023 ന് ശേഷം നികുതി നിർണ്ണയിച്ച് നൽകിയ കെട്ടിടങ്ങളുടെയെല്ലാം നികുതി പുതുക്കിയ

നിരക്കിലും, പുതുക്കിയ ഇളവ്-വർദ്ധനവ് മാനദണ്ഡങ്ങൾ അടിസ്ഥാനപ്പെടുത്തിയും പുനർനിർണ്ണയിക്കേണ്ടതാണ്.

3. ഗ്രാമപഞ്ചായത്തിൽ യുക്തമായ സ്ഥലങ്ങളിൽ സേവന ഉപനികുതി ഏർപ്പെടുത്തി നികുതി വരുമാനം വർദ്ധിപ്പിക്കാവുന്നതാണോ എന്ന് പരിശോധിക്കാവുന്നതാണ്.

4. നികുതി ചുമത്തപ്പെട്ടശേഷം കെട്ടിടങ്ങൾക്ക് കൂട്ടിച്ചേർക്കലുകൾ, പരിവർത്തനങ്ങൾ, ഉപയോഗക്രമം മാറ്റൽ എന്നിവ നടന്നിട്ടുണ്ടോ എന്നും, പഞ്ചായത്തിന്റെ അനുമതിയില്ലാതെ കെട്ടിടം പണിത് നികുതി അടയ്ക്കാതെ ഒഴിവായി കിടക്കുന്നുണ്ടോ എന്നും കൃത്യമായി ഫീൽഡ് പരിശോധന നടത്തിയും, പോസ്റ്റ് ഒക്യുപെൻസി ഓഡിറ്റ് നടത്തിയും ഗ്രാമപഞ്ചായത്തിലെ മുഴുവൻ കെട്ടിടങ്ങളെയും നികുതി പരിധിയിൽ കൊണ്ടുവരുന്നതിനുമുള്ള നിലവിലെ പരിശ്രമങ്ങൾ ഉർജ്ജിതപ്പെടുത്തേണ്ടതും, നിലവിലുള്ള വസ്തുനികുതി ഡിമാന്റിന്റെ നൂറ് ശതമാനം പിരിവ് ഉറപ്പു വരുത്തുന്നതോടൊപ്പം തന്നെ നിലവിലുള്ള കെട്ടടങ്ങളിൽ നൂറ് ശതമാനവും ഡിമാന്റിൽ ഉൾപ്പെടുന്നുണ്ട് എന്ന് കാലാകാലങ്ങളിൽ ഉറപ്പു വരുത്തേണ്ടതുമാണ്.

5. വസ്തുനികുതി പിരിവ് കുറ്റമറ്റതാക്കുന്നതോടൊപ്പം തന്നെ വാണിജ്യ കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളും ട്രേഡ് ലൈസൻസ് എടുക്കുന്നുണ്ട് എന്നും, തൊഴിൽ നികുതി പരിധിയിൽ വരുന്നുണ്ട് എന്നും ഉറപ്പ് വരുത്തേണ്ടതാണ്.

## 1-9 സംരംഭക ലൈസൻസ് -അപാകതകൾ

ഗ്രാമപഞ്ചായത്തിൽ നിന്ന് ലഭ്യമായ കണക്കുകൾ പ്രകാരം 31.03.2023 വരെ വാണിജ്യാവശ്യങ്ങൾക്കായി നമ്പർ നൽകിയിട്ടുള്ള 2235 (34 വേക്കൻസി റെമിഷൻ) കെട്ടിടങ്ങൾ ഉണ്ടായിരിക്കെ സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിൽ 486 സ്ഥാപനങ്ങളിലായാണ് സംരംഭക ലൈസൻസ് എടുത്തിരിക്കുന്നത്.

1.ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.

ഗ്രാമപഞ്ചായത്തിൽ സംരംഭകലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും അത്തരം സ്ഥാപനങ്ങൾ ഫീൽഡ് പരിശോധനയിലൂടെ കണ്ടെത്തി അവയിൽ നിന്നും നിയമാനുസൃതം ലൈസൻസ് എടുക്കുന്നതിന് ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിക്കുന്നില്ല. 18-06-2022 തിയ്യതിയിൽ നം-A4-1095/22 വിവരാവകാശപ്രകാരമുള്ള അപേക്ഷയിൽ സംരംഭക ലൈസൻസ് സംബന്ധിച്ചുള്ള മറുപടിയിൽ ഗ്രാമപഞ്ചായത്തിൽ 9/386D കടമുറിയിൽ വ്യാപാരം നടത്തി വരുന്നതിന് 2020-21 മുതൽ 2022-23 വർഷം വരെ ലൈസൻസ് അനുദിച്ചിട്ടില്ല എന്ന് മറുപടി നൽകിയിട്ടുണ്ട്.

ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന ബാക്കി സ്ഥാപനങ്ങളെ വാർഡ് തലത്തിൽ പരിശോധന നടത്തി കണ്ടെത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല. ഇത് കാരണം പഞ്ചായത്തിന് വരുമാനനഷ്ടം സംഭവിക്കുന്നു. വാണിജ്യ-വ്യാവസായികവശ്യത്തിന് നമ്പർ നിർണ്ണയിച്ചിട്ടുള്ള 2235 ഡിമാന്റുകൾ ഉണ്ടെന്നിരിക്കെ (34വേക്കൻസി റെമിഷൻ+ഡിമോളിഷ് ചെയ്തത്-40) 583 ഡിമാന്റുകൾ മാത്രമാണ് ലൈസൻസ് പരിധിയിൽ വന്നിട്ടുള്ളത്.

മുൻവർഷങ്ങളെ അപേക്ഷിച്ച് ലൈസൻസുകളുടെ എണ്ണത്തിൽ വർദ്ധനവുണ്ടെങ്കിലും വാണിജ്യാവശ്യത്തിന് നമ്പർ അനുവദിച്ച ഡിമാന്റുകൾ 1578 എണ്ണം ലൈസൻസ് പരിധിയിൽ കൊണ്ടുവരുന്നതിന് അവശേഷിക്കുന്നുണ്ട്. ഗ്രാമപഞ്ചായത്തിൽ ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ഫീൽഡ് പരിശോധനയിലൂടെ കണ്ടെത്തേണ്ടതും ലൈസൻസ് ഫീ ഇനത്തിലെ വരുമാന വർദ്ധനവ് ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-10 തൊഴിൽ നികുതി - ഡിമാന്റ് പൂർണ്ണമല്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 4 എന്നിവ പ്രകാരം ഓരോ അർദ്ധ വർഷവും തുടർച്ചയായോ പലപ്പോഴായോ, 60 ദിവസം ജോലി/തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ നികുതിക്ക് വിധേയനാകുന്നതാണ്.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 204, ഉപവകുപ്പ് (1) ബി പ്രകാരം ആകെകൂടി അറുപതു ദിവസത്തിൽ കുറയാതെ ആ പഞ്ചായത്ത് പ്രദേശത്ത് താമസിക്കുകയും മുതൽ മുടക്കുകളിൽ നിന്ന് ഏതെങ്കിലും ആദായം ലഭിച്ച കൊണ്ടിരിക്കുകയും ചെയ്യുന്ന ഏതൊരാളുടെയും മേൽ തൊഴിൽ നികുതി ചുമത്താവുന്നതാണ്.

തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ, റിട്ടേണുകൾ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1.പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ലൈസൻസ്ഡ് ബിൽഡിംഗ് സൂപ്പർവൈസർമാർ, റേഷൻഷോപ്പ് ഉടമകൾ,ഗ്രാമപഞ്ചായത്തിൽ മരാമത്ത് പ്രവൃത്തി നടത്തിയ കരാറുകാർ തുടങ്ങിയവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

2. ലൈസൻസ് എടുത്ത പ്രവൃത്തിക്കുന്ന എല്ലാ വാണിജ്യസ്ഥാപനങ്ങളിലെയും മുഴുവൻ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്തിട്ടില്ല.

3. ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളും കണ്ടെത്തി അവയിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല.

4.ഗ്രാമപഞ്ചായത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിരിക്കുന്നത് വാർഡ് അടിസ്ഥാനത്തിൽ സഞ്ചയ സോഫ്റ്റ് വെയറിൽ നിന്നും വാണിജ്യ കെട്ടിടങ്ങളുടെ വിവരങ്ങൾ ചേർത്തിട്ടാണെങ്കിലും കെട്ടിടങ്ങളിൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് കണ്ടെത്തുന്നതിന് ആവശ്യമായ ഫീൽഡ് പരിശോധന നടത്തിയിട്ടില്ല.

5. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം – വകുപ്പ് 205 ബി പ്രകാരം ഏതെങ്കിലും കെട്ടിടത്തിന്റെ ഉടമയോടോ കൈവശക്കാരനോടോ ഹോട്ടൽ ലോഡ്ജ് നടത്തിപ്പുകാരോടോ അവരുടെ കെട്ടിടത്തിന്റെ താമസക്കാരെകുറിച്ചും അവരുടെ തൊഴിലിനെയോ ഉദ്യോഗത്തെയോ വാടകയെ സംബന്ധിച്ചും രേഖാമൂലമുള്ള ലിസ്റ്റ് സമർപ്പിക്കുവാൻ ആവശ്യപ്പെടാവുന്നതാണ്. (ചട്ടം 13) എന്നാൽ ഇപ്രകാരം നോട്ടീസ് നൽകിയതായി കാണുന്നില്ല.

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ഫീൽഡ് പരിശോധനയിലൂടെ കണ്ടെത്തി ലഭ്യമായ വരുമാന സ്രോതസ്സുകളിൽ നിന്നും തൊഴിൽ നികുതി പൂർണ്ണമായും പിരിച്ചെടുക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-11 ക്ഷേമപെൻഷൻ വിതരണത്തിലെ അപാകതകൾ

പഞ്ചായത്തിലെ ഡെത്ത് രജിസ്റ്റർ പ്രകാരം മരണം രജിസ്റ്റർ ചെയ്യപ്പെടുന്ന എല്ലാവരെയും ഗ്രാമപഞ്ചായത്തിന്റെ ക്ഷേമപെൻഷൻ ഡേറ്റാ ബേസിൽ നിന്നും ഒഴിവാക്കപ്പെടുന്നുണ്ട് എന്ന് ഉറപ്പ് വരുത്തുന്നില്ല. മറ്റ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വെച്ച് മരണപ്പെടുന്ന ഈ ഗ്രാമപഞ്ചായത്തിലെ പെൻഷൻ ഗുണഭോക്താക്കളുടെ മരണ വിവരം സമയബന്ധിതമായി റിപ്പോർട്ട് ചെയ്യപ്പെടുന്നില്ല.

സർക്കാർ ഉത്തരവ് നം- 07/2020/ധന തിയ്യതി-23.10.2020 പ്രകാരം സർക്കാർ ജീവനക്കാർ,സർവ്വീസ് പെൻഷനർമാർ/കുടുംബ പെൻഷനർമാർ എന്നിവർ അനർഹമായി സാമൂഹ്യ സുരക്ഷ പെൻഷൻ കൈപ്പറ്റിയത് തിരികെ അടവാക്കുന്നതിന് നിർദ്ദേശം നൽകിയിരുന്നു.എന്നാൽ ഗ്രാമപഞ്ചായത്ത് ഇപ്രകാരം അനർഹമായി പെൻഷൻ കൈപ്പറ്റിയ ഗുണഭോക്താക്കളിൽ നിന്നും മുഴുവൻ തുകയും തിരികെ ഈടാക്കിയിട്ടില്ല.ഗ്രാമപഞ്ചായത്തിൽ നിന്നുള്ള പെൻഷൻ ഡാറ്റാബേസ് അപ്ഡേറ്റ് ചെയ്യാത്തത് മൂലം വിവിധ ഗുണഭോക്താക്കൾ മരണമടഞ്ഞശേഷവും പെൻഷൻ തുക ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട് .ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പെൻഷനറുടെ പേര് | പെൻഷന് ഐ.ഡി | മരണപ്പെട്ട തിയ്യതി | അവസാനമായി പെൻഷൻ | അധികം നൽകിയത് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | | | വിതരണം നടത്തിയ മാസം | |
| 1 | ശ്രീ.കോരൻ എടപ്പക്കാവിൽ പാർക്കും കുഞ്ഞിപ്പറമ്പത്ത് | 110030100245-ALP | 2-1-2021 | 6/2021 | 6മാസം-9600/- |
| 2 | ശ്രീ.അച്ചുതൻ തുണ്ടിയില് | 110030100345-ALP | 18-08-2017 | 7/2019 | 24മാസം-36000/- |

നിലവിൽ പെൻഷൻ കൈപ്പറ്റുന്ന ഗുണഭോക്താക്കൾ ജോലി ലഭിക്കുകയോ മരണപ്പെടുകയോ ചെയ്യുന്നത് മൂലം അനർഹരാവുന്നത് സമയബന്ധിതമായി പരിശോധിക്കുന്നതിനുള്ള സംവിധാനവും ഗ്രാമപഞ്ചായത്തിൽ നിലവിലില്ല. മരണപ്പെട്ട ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് വരവ് വന്ന തുകകൾ തിരികെ ഈടാക്കി സർക്കാറിലേക്ക് അടവാക്കേണ്ടതാണ്.

1-12 എം.ജി.എൻ.ആർ.ഇ.ജി.എസ്. പ്രവൃത്തി ബില്ലുകളിൽ നിന്ന് ജി.എസ്.ടി. ഈടാക്കി ഒടുക്കിയില്ല

ഓഡിറ്റ് വർഷത്തിൽ എം.ജി.എൻ.ആർ.ഇ.ജി.എസ്. പദ്ധതിയിലുൾപ്പെടുത്തി നിർവ്വഹണം നടത്തിയ മെറ്റീരിയൽ പ്രവൃത്തികൾക്ക് വേണ്ട മെറ്റീരിയിൽ സംഭരിച്ചത് ടെണ്ടർ ചെയ്ത് കരാറുകാർ മുഖേനയാണ്. ഇതിൽ മെറ്റീരിൽ വില 2.5 ലക്ഷത്തിൽ കൂടുതലുള്ള പ്രവൃത്തികളുടെ ബിൽ തുക നല്കുമ്പോൾ സെൻട്രൽ ഫിനാൻസ് മിനിസ്ട്രിയുടെ 14.9.2018 ലെ CBEC Circular No.65/39/2018-DOR പ്രകാരം 2% ജി. എസ്. ടി ഈടാക്കേണ്ടതുണ്ട്. മേൽ പ്രവൃത്തികളുടെ ജി.എസ്.ടി. തുക മെറ്റീരിയൽ വിലയിൽ നിന്ന് കുറവ് ചെയ്തതിനുശേഷമുള്ള തുകയാണ് കരാറുകാർക്ക് നൽകിയിട്ടുള്ളത് ജി.എസ്.ടി ഉൾപ്പെടെയുള്ള ബിൽ തയ്യാറാക്കിയിട്ടില്ല. വിശദവിവരങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

| ക്രമനം | പ്രവൃത്തിയുടെ പേര് | മെറ്റീരിയൽ വില | അളവ് പുസ്തകം | ഇൻവോയ്സ് നം&ബിൽ തിയ്യതി | ഈടാക്കേണ്ട ജി.എസ്.ടി |
|---|---|---|---|---|---|
| 1 | മഠത്തിൽ അംഗനവാടി റോഡ് നിർമ്മാണം | 2,89,912 | 195/2021-22 | Cvcvml/2022/03 തീ.14.03.23 | 5,798 |
| 2 | മാടഞ്ചേരി -പാലൂർ എൽ.പി.സ്കൂൾ റോഡ് നിർമ്മാണം | 4,14,359 | 326/2021-22 | 025 തീ. 12.03.23 | 8,287 |
| 3 | കുഴിച്ചാലുപറമ്പ് മാപ്പിളർകുന്ന് റോഡ് നിർമ്മാണം | 4,17,336 | 116/2021-22 | Cvcvml/2022 /07തീ.14.03.23 | 8,346 |
| 4 | കരുകുളം തെക്കയിൽ ലൈൻ റോഡ് | 3,13,970 | 189/2021-22 | Miinc20221009 | 6,279 |
| 5 | നെല്ലിയുള്ളതിൽ നിരവ് റോഡ് നിർമ്മാണം | 3,31,884 | 157/2021-22 | Cvcvml/2022/04 | 6,638 |
| 6 | കുനിയിൽമുക്ക് അറബി കോളജ് റോഡ് | 3,74,717 | 109/2021-22 | 119തീ. 14.03.23 | 7,494 |
| 7 | മലയങ്ങാട് കമ്പളിപ്പാറ റോഡ് | 4,00,976 | 293/2021-22 | 26 08.02.23 | 8,019 |

| | |
|---|---|
| ആകെ | 50,861 |

മെറ്റീരിയൽ വാങ്ങുന്ന മുറയ്ക്ക് അർഹമായ ജി.എസ്.ടി ഈടാക്കി ഒടുക്കുന്നുവെന്ന് ഉറപ്പാക്കേണ്ടതാണ്. അപാകതകൾക്ക് മറുപടി നൽകേണ്ടതാണ്.

1-13 റോഡുകളുടെ നിർമ്മിതി മോർഡ് സ്പെസിഫിക്കേഷൻ പ്രകാരമല്ല

മോർഡ് സ്പെസിഫിക്കേഷനിൽ ഗ്രാമീണ റോഡുകൾക്ക് ഉപയോഗപ്പെടുത്താവുന്ന പ്രധാനപ്പെട്ട രണ്ടിനങ്ങളിൽ ഒന്ന് മിക്സഡ് സീൽ സർഫസിംഗും (MSS) മറ്റൊന്ന് 20mmപ്രീ മിക്സഡ് ചിപ്പിംഗ് കാർപ്പെറ്റുമാണ്. രണ്ടാമത്തേത് ഓപ്പൺ ഗ്രേഡഡ് ആയതിനാൽ ഇതിനുമുകളിൽ സീൽ കോട്ട് എന്ന മറ്റൊരിനം കൂടി നിർവ്വഹിച്ചാലാണ് ടാറിംഗ് പ്രവൃത്തി പൂർത്തിയാകുക. എന്നാൽ രണ്ടാമത്തേത് ക്ലോസ് ഗ്രേഡഡ് ആയതിനാൽ ഇതിനു മുകളിൽ മറ്റൊരു സീൽ കോട്ട് ആവശ്യമില്ല. ഇത് കൊണ്ട് തന്നെ കൂടുതൽ ചെലവേറിയ ഇനം 20 Mm ചിപ്പിംഗ് കാർപ്പറ്റ് ആണെന്ന് കാണാം. ഓപ്പൺ ഗ്രേഡഡ് ആയ 20 Mm ചിപ്പിംഗ് കാർപ്പറ്റിന് ടാക്ക് കോട്ടിന് മുകളിൽ രണ്ടിനങ്ങൾ നിർവ്വഹിക്കേണ്ടതുണ്ട്. ഒന്ന് ചിപ്പിംഗ് കാർപ്പെറ്റും മറ്റേത് സീൽ കോട്ടുമാണ്. എന്നാൽ MSS (Mixed Seal Surfacing) സീൽ കോട്ട് ഉൾപ്പടെ ചെയ്യുന്നതിനാൽ ഈ ഒരിനം മാത്രമാണ് ടാക്ക് കോട്ടിന് മുകളിൽ ചെയ്യുന്നത്. ഇത് പരിഗണിക്കുമ്പോൾ 2016 ലെ നിരക്ക് കണക്കാക്കിയാൽ 20mm ചിപ്പിംഗ് കാർപ്പറ്റ് നിർവ്വഹിക്കുമ്പോൾ എം സ്ക്വയറന് ഏകദേശം 32% അധിക ചെലവ് വരുന്നുണ്ടെന്ന് കാണുന്നു.

മിക്സഡ് സീൽ സർഫസ് (MSS)എന്ന ഇനത്തിന്റെ മറ്റൊരു പ്രധാന പ്രത്യേകത ഇതിന്റെ പേവിംഗ് നിർവ്വഹിക്കേണ്ടത് ഒരു മെക്കാനിക്കൽ പേവർ (Mechanical Paver) ഉപയോഗിച്ചായിരിക്കണമെന്നതാണ്. (മോർഡ് സ്പെസിഫിക്കേഷൻ, സെക്ഷൻ 507.3 പ്രകാരമുള്ള Construction Operations കാണുക) എന്നാൽ 20mm ചിപ്പിംഗ് കാർപ്പറ്റിന്റെ കാര്യത്തിൽ Construction Operations 506.2.4.6 പ്രകാരമുള്ളതാണ്. ഇത് പ്രകാരം പേവിംഗിൽ കനവും ഗ്രേഡും ക്രോസ് ഫാളും ഉറപ്പാക്കുന്നതരത്തിൽ മിക്സ് ഏകീകൃതമായി നിരത്താനാണ് നിർദ്ദേശിച്ചിരിക്കുന്നത്. അതായത് ഇവിടെ പേവിംഗ് നിർവ്വഹിക്കുന്നത് മനുഷ്യശേഷി വിനിയോഗിച്ചാണെന്ന് കാണാം. ഈ രണ്ട് രീതികളും അവലംബിക്കുമ്പോൾ നിർമ്മാണശേഷം റോഡിന്റെ പ്രതലത്തിൽ അനുവദിക്കാവുന്ന പരമാവധി നിമ്നോന്നത (Undulations), മോർഡ് സ്പെസിഫിക്കേഷന്റെ ഗുണനിലവാരം സംബന്ധിച്ച് വിശദമാക്കുന്ന സെക്ഷൻ 1800ൽ പ്രതിപാദിച്ചിട്ടുണ്ട്. വിവിധ നിർമ്മിതികളിൽ (സബ് ബേസ്, ബേസ് മുതലായവ) അനുവദിക്കാവുന്ന സർഫസ് ലെവലിലെ പരമാവധി ടോളറൻസ് 1802.2 നമ്പർ ടേബിളിൽ വിശദമാക്കിയിട്ടുണ്ട്. ഇത് പ്രകാരം മെഷീൻ ഉപയോഗിച്ച് പേവിംഗ് നടത്തുന്ന പ്രീ മിക്സ് ചിപ്പിംഗ് കാർപ്പറ്റ്, MSS എന്നീ ഇനങ്ങളിൽ പരാമാവധി ടോളറൻസ്(tolerance) കൂടിയത് + 6 Mmഉം കുറഞ്ഞത് -6 Mm മാണ്. അതായത് പരാമാവധി അനുവദിക്കാവുന്ന ഉയർന്നതും താഴ്ന്നതുമായ നിമ്നോന്നത (Undulations) മേൽ പറഞ്ഞ അളവുകൾക്കിടയിലുള്ളതാണെന്ന് കാണാം. എന്നാൽ മാന്വൽ രീതിയിൽ പേവിംഗ് നടത്തുമ്പോൾ ഇത് പരാമാവധി +10 Mm ഉം -10 Mm ഇടയിലാണെന്ന് കാണാം. ഇപ്രകാരമുള്ള ഉയർന്ന നിമ്നോന്നത(undulations) സുഗമമായ യാത്രയ്ക്ക് തടസ്സമാകും. കൂടാതെ മെക്കാനിക്കൽ പേവർ ഉപയോഗിക്കുമ്പോൾ നിർമ്മിതിയിൽ തന്നെ പ്രതലത്തിന്റെ ലെവൽ പരമാവധി ഉറപ്പാക്കപ്പെടുന്നതാണ്. എന്നാൽ മാന്വലായി നിർമ്മിക്കുമ്പോൾ മേൽ പറഞ്ഞ പരമാവധി ടോളറൻസ്(tolerance) ആയ + 10 Mmഉം – 10 Mm ഇടയിലാണ് നിർമ്മാണം നടന്നതെന്ന് ഒരു സംവിധാനവും നിലവിൽ ഉറപ്പാക്കുന്നില്ല. ഇത് കൊണ്ട് തന്നെ ഇത്തരം റോഡുകളിൽ നിമ്നോന്നത (Undulations) അനുവദിച്ചതിലും വളരെ കൂടുതൽ വരുന്ന അവസ്ഥാവിശേഷമുണ്ട്.

മാന്വൽ പേവിംഗ് രീതിയെ അപേക്ഷിച്ച് ചെലവ് കുറവുള്ളതും നിമ്നോന്നത കുറയുന്നതിനാൽ വാഹനഗതാഗതം സുഗമമാക്കുന്നതുമായ MSS എന്ന രീതി പഞ്ചായത്തിലെ റോഡുകളുടെ നിർമ്മിതിയിൽ അവലംബിക്കേണ്ടത് അത്യാവശ്യമാണെന്ന് ഇക്കാര്യങ്ങൾ വ്യക്തമാക്കുന്നു.

ഗ്രാമപഞ്ചായത്തിലെ സ്ഥിതിവിശേഷം

സ്ഥാപനത്തിൽ ഓഡിറ്റ് വർഷത്തിൽ നിർവ്വഹിക്കപ്പെട്ട ഭൂരിഭാഗം റോഡ് ടാറിംഗ് പ്രവൃത്തികൾകൾക്കും ഉപയോഗപ്പെടുത്തിയ പേവിംഗ് ഇനം മിക്സഡ് സീൽ സർഫസ്(മാന്വൽ മീൻസ്) ആണ്. മോർഡ് ഡാറ്റാ ബുക്കിലെ 5.11നമ്പർ ഇനമാണിത്. മോർഡ് സ്പെസിഫിക്കേഷനിലെ ഇനം 509 (Item Nomber 509 ) അടിസ്ഥാനപ്പെടുത്തിയാണ് ഇത് തയ്യാറാക്കിയതെന്ന് ഡാറ്റാബുക്കിൽ നിന്നും വ്യക്തമാകുന്നു. 20mm സെമി ഡെൻസ് ബിറ്റുമിനസ് കോൺക്രീറ്റ് പേവിംഗ് നിർമ്മിതി പ്രതിപാദിക്കുന്ന ഇനമാണിത്. MSS പോലെ തന്നെ ഇതിന്റെ സ്പ്രെഡ്ഡിംഗും(material Spreading Or Laying) നിർവ്വഹിക്കേണ്ടത് മെക്കാനിക്കൽ പേവർ (Self Propelled Hydrolic Paving Machine) ഉപയോഗിച്ചാണെന്ന് ഇനം 509.5.4.3 വ്യക്തമാക്കുന്നു.എന്നാൽ റോഡിന്റെ നിർമ്മിതിയിൽ എവിടെയെങ്കിലും മെക്കാനിക്കൽ പേവർ പ്രവർത്തിപ്പിക്കാൻ കഴിയാത്ത വിധം സ്ഥലപരമായ പരിമിതികളോ, ഇടുങ്ങിയ വീതിയോ (Narrow Width) ഉണ്ടെങ്കിൽ , അനുയോജ്യമായ ഉപകരണങ്ങൾ ഉപയോഗപ്പെടുത്തി പരിശീലനം സിദ്ധിച്ച തൊഴിലാളികളെ ഉപയോഗപ്പെടുത്തി സ്പ്രെഡ്ഡിംഗ് നടത്താമെന്ന് ഇതേ ഇനത്തിന്റെ അവസാന ഭാഗത്ത് പ്രതിപാദിച്ചിട്ടുണ്ട്. ഇത്തരം സന്ദർഭങ്ങളിൽ മാത്രം ഉപയോഗപ്പെടുത്താനാണ് മോർഡ് ഡാറ്റാ ബുക്കിലെ 5.11നമ്പർ ഇനം തയ്യാറാക്കിയതെന്ന് മേല്പറഞ്ഞ വസ്തുതകളിൽ നിന്നും വ്യക്തമാകുന്നു.

എന്നാൽ സ്ഥാപനത്തിലെ ഭൂരിഭാഗം റോഡുകളും പൂർണ്ണമായും ബിറ്റുമിൻ പേവിംഗ് നടത്തിയിരിക്കുന്നത് ഈ ഇനം ഉപയോഗപ്പെടുത്തിയാണ്. ആവശ്യത്തിന് മെറ്റീരിയൽ ഇത്തരത്തിലുള്ള അശാസ്ത്രീയ നിർമ്മിതിയിൽ ഉറപ്പുവരുത്താൻ കഴിയാത്തതിനാൽ റോഡിന്റെ ആയുസ്സിനേയും(durability) നിമ്നോന്നതയുടെ (Undulations) ടോളറൻസ്(tolerance) പരിമിതമാണെന്ന് ഉറപ്പുവരുത്താൻ കഴിയാത്തതിനാൽ ഗുണമേന്മയേയും ഈ നിർമ്മിതി പ്രതികൂലമായി ബാധിച്ചതായി ഓഡിറ്റ് വിലയിരുത്തുന്നു.യഥാർത്ഥത്തിലുള്ള മിക്സഡ് സീൽ സർഫസിംഗ് (MSS Mechnical ) രീതി ഗ്രാമപഞ്ചായത്തുകളിലെ റോഡുകളിൽ അവലംബിക്കാത്തതിന് കാരണമായി ഉയർത്തിക്കാട്ടപ്പെടുന്നത് പഞ്ചായത്തുകളിലെ ചെറിയ റോഡുകളിൽ പേവർ ഉപയോഗിക്കാൻ കഴിയാത്തതാണെന്നതാണ്. ഈ വാദം ഓഡിറ്റ് അംഗീകരിക്കുന്നില്ല. മോർഡ് സ്പെസിഫിക്കേഷൻ ഇനം 509.5.4.3ൽ മെക്കാനിക്കൽ പേവർ, IRC 27 പ്രകാരമുള്ള അത്യാവശ്യ കാര്യങ്ങളുള്ള ( Essential Features) വയായിരിക്കണമെന്ന് പ്രതിപാദിക്കുന്നുണ്ട്. IRC 27-2009 (Specifications For Bituminous Macadam) അനുബന്ധം A ഖണ്ഡിക E (H)ൽ പേവർ മെഷീൻ 2.5 മീറ്റർ മുതൽ 4 മീറ്റർ വരേയോ 4 മീറ്റർ മുതൽ 7 മീറ്റർ വരേയോ വീതിയിൽ മെറ്റീരിയൽ വിരിക്കാൻ കഴിവുള്ളതായിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട് എന്നത് ശ്രദ്ധയിൽ പെടുത്തുന്നു.

ഈ പശ്ചാത്തലത്തിൽ ഗ്രാമപഞ്ചായത്തിലെ റോഡുകളിൽ മിക്സഡ് സീൽ സർഫസിംഗ് (മെക്കാനിക്കൽ) ഉപയോഗപ്പെടുത്താതെ മിക്സഡ് സീൽ സർഫസിംഗ് മാന്വൽ രീതി അവലംബിച്ചതിന് കാരണം വ്യക്തമാക്കാനാവശ്യപ്പെട്ട് നല്കിയ എൻക്വയറിക്ക് മറുപടി നല്കിയിട്ടില്ല. ഇക്കാര്യത്തിൽ വിശദീകരണം നല്കേണ്ടതാണ്.കൂടാതെ സ്പെസിഫിക്കേഷനു വിരുദ്ധമായി തയ്യാറാക്കിയ പ്രവൃത്തികളുടെ എസ്റ്റിമേറ്റുകൾക്ക് സാങ്കേതികാനുമതി നല്കിയ എക്സി.എഞ്ചിനീയറുടെ വിശദീകരണവും ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. തുടർ വർഷങ്ങളിൽ ,സാധ്യമായ എല്ലാ പ്രൊജക്റ്റുകളുടെ കാര്യത്തിലും പേവിംഗ്, മിക്സഡ് സീൽ സർഫസിംഗ് (മെക്കാനിക്കൽ) ഉപയോഗപ്പെടുത്തി വിവരം അറിയിക്കേണ്ടതുമാണ്.

1-14 കരാറുകാരുമായി വയ്ക്കുന്ന കരാറിലെ വ്യവസ്ഥകൾ കാലഹരണപ്പെട്ടത്

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി .എഞ്ചിനീയർ

ഓഡിറ്റ് വർഷത്തിൽ നിർവ്വഹണം നടത്തിയ മരാമത്ത് പ്രവൃത്തികളുടെ കരാർ വച്ചത് നിലവിലെ

സാഹചര്യത്തിന് അനുസൃതമായ വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചുകൊണ്ടല്ലെന്നും വളരെ പ്രധാനമായ മിക്ക വ്യവസ്ഥകളും കാലഹരണപ്പെട്ടതാണെന്നും കാണുന്നു. കരാറിന്റെ അന്തസത്ത സമയമാണെന്നിരിക്കെ പ്രവൃത്തി പൂർത്തീകരണത്തിനുള്ള സമയക്രമം കരാറിൽ കൃത്യമായി പ്രതിപാദിക്കുന്നില്ല എന്ന ഗുരുതര വീഴ്ചയും സംഭവിച്ചിട്ടുണ്ട്. പ്രവൃത്തികൾ നിർവ്വഹിക്കേണ്ട സ്പെസിഫിക്കേഷൻ, പൂർത്തീകരണ കാലതാമസത്തിനുള്ള പിഴ എന്നിവയിലാണ് പ്രധാനമായും അപാകത കാണുന്ന മറ്റ് മേഖലകൾ. വിശദാംശം താഴെ കൊടുക്കുന്നു.

സ്പെസിഫിക്കേഷൻ

എല്ലാ പ്രവൃത്തികളുടേയും കരാറുടമ്പടി ഒരേ ഫോറത്തിൽ തന്നെയാണ് തയ്യാറാക്കിവരുന്നത്. ഈ എഗ്രിമെന്റിലെ നാലാമത്തെ വ്യവസ്ഥയിൽ, പ്രവൃത്തിക്ക് ആവശ്യമായ സാധനങ്ങളുടെ ഗുണനിലവാരം, പ്രവൃത്തിയുടെ ഗുണനിലവാരം, പ്രവൃത്തിയുടെ അളവുകൾ, കരാറുടമ്പടിയുടെ ഭാഗമായി വരുന്ന നിബന്ധനകൾ എന്നിവയെല്ലാം കേരള ഡീറ്റയിൽഡ് സ്റ്റാന്റേർഡ് സ്പെസിഫിക്കേഷൻ പ്രകാരമാണെന്നും ഈ നിബന്ധനകൾ കരാറുകാരൻ വായിച്ച് മനസ്സിലാക്കിയിരിക്കണമെന്നും വ്യവസ്ഥ ചെയ്യുന്നുണ്ട്. എന്നാൽ തദ്ദേശ ഭരണസ്ഥാപനങ്ങളിൽ 2014-15 വർഷം മുതൽക്കുതന്നെ ഡെൽഹി അനാലിസിസ് ഓഫ് റേറ്റും (DAR) ഡെൽഹി ഷെഡ്യൂൾ ഓഫ് റേറ്റും (DSR) ബാധകമാക്കിയിട്ടുണ്ട്. ഡെൽഹി അനാലിസിസ് ഓഫ് റേറ്റ് എന്ന ഡാറ്റാ അടിസ്ഥാനപ്പെടുത്തിയിരിക്കുന്നത് CPWD സ്പെസിഫിക്കേഷനെയാണെന്നു കാണാം. കൂടാതെ ഗ്രാമീണ റോഡുകളുടെ നിർമ്മിതിക്ക് മോർഡ് സ്പെസിഫിക്കേഷനാണ് നിലവിൽ ഉപയോഗിച്ചുവരുന്നത്. മേൽ സ്പെസിഫിക്കേഷനുകൾക്ക് അനുസൃതമായി പ്രവൃത്തികൾ നിർവ്വഹിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നതിന് പകരമാണ് കാലഹരണപ്പെട്ട കേരള ഡീറ്റയിൽഡ് സ്റ്റാന്റേർഡ് സ്പെസിഫിക്കേഷൻ പ്രതിപാദിച്ചിരിക്കുന്നത്. കൂടാതെ അക്രഡിറ്റഡ് ഏജൻസിയുമായി വച്ച കരാറുകളിൽ സ്പെസിഫിക്കേഷൻ സംബന്ധിച്ച വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചിട്ടുമില്ല.

പിഴ സംബന്ധിച്ച അപാകത

കരാറിന്റെ ഏഴാമത്തെ വ്യവസ്ഥയായി പൂർത്തീകരണ കാലതാമസത്തിനുള്ള പിഴ സംബന്ധിച്ച് വിശദമാക്കുന്നു. 2012 ൽ പുതുക്കിയ PWD മാന്വലിലെ വ്യവസ്ഥകൾ ഉൾക്കൊള്ളിക്കുന്നതിന് പകരം അതിനുമുമ്പുള്ള മാന്വലിലെ വ്യവസ്ഥകളാണ് ഇവിടെ പ്രതിപാദിച്ചിരിക്കുന്നത്. അതായത് പുതുക്കിയ മാന്വൽ പ്രകാരം കരാറുകാരന്റെ വീഴ്ചമൂലം കാലതാമസം വരുന്ന കാര്യത്തിൽ ആകെ അനുവദിച്ച സമയത്തിന്റെ 25% സമയം കൂടി PACയുടെ 1% പിഴ ഈടാക്കി ദീർഘിപ്പിക്കാവുന്നതാണ്. ഇത് മതിയാകാത്ത സന്ദർഭങ്ങളിൽ PAC യുടെ 2%പിഴ ഈടാക്കി വീണ്ടും 25% സമയം കൂടി അനുവദിക്കാവുന്നതാണ്. അതായത് ഇപ്രകാരം പിഴ ചുമത്തി അനുവദിച്ച സമയത്തിന്റെ ആകെ 50% സമയം അനുവദിക്കാവുന്നതും ഇപ്രകാരം അനുവദിക്കുന്നതിന് പൂർത്തീകരണ കാലയളവിനുമുമ്പ് തന്നെ കരാറുകാരൻ ഇതിനായി അപേക്ഷിക്കേണ്ടതുമാണ്. എന്നാൽ, മുൻകൂട്ടി കാണാൻ കഴിയാത്ത കാരണങ്ങളാൽ നിശ്ചിതസമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിച്ചില്ലെങ്കിൽ നിശ്ചിതകാലാവധിയുടെ 20% ഗ്രേസ് പീരീയിഡ് അനുവദിക്കുമെന്നും (പിഴയില്ലാതെ) അതിനുശേഷം വരുന്ന മൂന്നുമാസത്തേക്ക് കരാർ തുകയുടെ 1% വും തുടർന്നുവരുന്ന ഓരോ മൂന്ന് മാസത്തേക്കും 2% വും നിരക്കിൽ പിഴ ഈടാക്കുന്നതാണെന്നുമാണ് കരാറിൽ വ്യവസ്ഥചെയ്തിരിക്കുന്നത്.

പ്രവൃത്തി പൂർത്തീകരണത്തിനുള്ള സമയക്രമം

പ്രവൃത്തി പൂർത്തീകരണത്തിനുള്ള സമയക്രമം കരാറിൽ കൃത്യമായി പ്രതിപാദിക്കുന്നില്ല എന്നതും ശ്രദ്ധേയമാണ്. പ്രവൃത്തി, അംഗീകരിക്കപ്പെട്ട പ്ലാൻ, എസ്റ്റിമേറ്റ്, ഡിസൈൻ എന്നിവ അനുസരിച്ചും പ്രവൃത്തിവിവര പട്ടിക, പ്രവർത്തനകലണ്ടർ പ്രകാരവും കരാർ നിരക്കനുസരിച്ചും എഞ്ചിനീയറുടെ നിർദ്ദേശപ്രകാരവും കരാറുകാരൻ പൂർത്തിയാക്കുമെന്നാണ് വ്യവസ്ഥകളിൽ രണ്ടാമതായി പ്രതിപാദിച്ചിരിക്കുന്നത്. എന്നാൽ ഇപ്രകാരം പ്രവൃത്തി വിവര പട്ടികയോ, പ്രവർത്തന കലണ്ടറോ കരാറിൽ ഉൾക്കൊള്ളിച്ചിട്ടില്ല. പ്രവൃത്തിയുടെ പ്രൊജക്ട് കരാറിന്റെ ഭാഗമായി പരിഗണിച്ചാൽ തന്നെ മിക്ക പ്രവൃത്തികളുടേയും കാര്യത്തിൽ കരാർ തീയതി പരിഗണിക്കുമ്പോൾ പ്രൊജക്ടിലെ പ്രവൃത്തി പൂർത്തീകരണ കാലയളവിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കുകയെന്നത് അസംഭാവ്യമാണെന്ന് കാണാം. ഉദാഹരണമായി ഓഡിറ്റ് വർഷം രൂപീകരിച്ച 11 പ്രൊജക്ടുകൾക്ക് കരാർ വച്ചിരിക്കുന്നത് 16.3.23തീയതിക്കു ശേഷമാണ്. എന്നാൽ ഈ പ്രവൃത്തികളെല്ലാം 31.3.22ന് പൂർത്തീകരിക്കുമെന്നാണ് കരാറുകാർ ഉറപ്പു നല്കിയിരിക്കുന്നത്. കരാർ നിഷ്കർഷിക്കുന്ന എഞ്ചിനീയറോ കരാർ ഒപ്പിടുന്ന കരാറുകാരനോ ഇത്തരത്തിലുള്ള വസ്തുതകളുടെ സാംഗത്യം

പരിശോധിക്കുന്നില്ലയെന്നത് വീഴ്ചയാണ്.

പ്രവർത്തി തൃപ്തികരമായി പൂർത്തീകരിക്കുന്നതിലും മറ്റ് ബന്ധപ്പെട്ട കാര്യങ്ങളിലും സ്ഥാപനത്തിന് കരാറുകാരുമായി ഉണ്ടാകാനിടയുള്ള അഭിപ്രായ ഭിന്നതകൾ കോടതി സമക്ഷം എത്തുമ്പോൾ ഏറ്റവും പ്രധാനമായി പരിഗണിക്കപ്പെടുന്നത് ഇരുകക്ഷികളും ചേർന്ന് ഒപ്പിടുന്ന കരാറാണെന്നിരിക്കെ കരാറിലെ വ്യവസ്ഥകൾ ഇപ്രകാരം അശ്രദ്ധമായി തയ്യാറാക്കാനിടയാക്കിയ സാഹചര്യം വ്യക്തമാക്കേണ്ടതാണ്.കൂടാതെ അപാകത പരിഹരിച്ച് കരാറുകളിലെ വ്യവസ്ഥകൾ കാലികമാക്കി മാത്രം തുടർന്നുള്ള പ്രൊജക്ടുകൾ നടപ്പിലാക്കേണ്ടതാണ്.

## 1-15 ഇ ടെണ്ടർ ഫീസ് സ്ഥാപനത്തിന് ലഭിക്കുന്നില്ല

ഇ ടെണ്ടർ സംവിധാനം നിലവിൽ വന്നതുമുതൽ നാളിതുവരെ ഇ ടെണ്ടറിന്റെ ഭാഗമായി ലഭിക്കേണ്ട ഫീസ് സ്ഥാപനത്തിന് ലഭിക്കുന്നില്ല. ഓഡിറ്റ് വർഷം ആകെ 40 പ്രവൃത്തികൾ ഈ സംവിധാനം വഴി ടെണ്ടർ നടത്തിയെന്നത് ഇവിടെ പ്രസക്തമാണ്. ഇ ടെണ്ടർ ഫീസ് ലഭിക്കുന്നതിനായി ഓഡിറ്റ് വർഷം തന്നെ ഒരു അക്കൗണ്ട് അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ എസ് ബി ഐയുടെ കല്ലാച്ചി ശാഖയിൽ ആരംഭിച്ചിരിക്കെയാണ് തുകയൊന്നും ലഭ്യമാകാത്ത സ്ഥിതിവിശേഷമുണ്ടായിട്ടുള്ളത്. ഫീസ് തുക ആരുടെ അക്കൗണ്ടിലാണ് നിക്ഷേപിക്കപ്പെട്ടത് എന്നത് സംബന്ധിച്ച് കൃത്യമായ വിവരം നല്കാൻ എഞ്ചിനീയറുടെ ഓഫീസിന് കഴിഞ്ഞിട്ടില്ല. ഓഡിറ്റ് വർഷം രണ്ട് എഞ്ചിനീയർമാർ ചാർജ്ജ് വഹിച്ചതിനാൽ 19 പ്രവൃത്തികൾ ടെണ്ടർ ചെയ്തത് എ ഇ ശ്രീമതി എൻ അജിതയും 21 എണ്ണം ടെണ്ടർ ചെയ്തിരിക്കുന്നത് എ ഇ ശ്രീ അബ്ദുൾ റനീഷുമാണെന്ന് ഓഡിറ്റിൽ വ്യക്തമാക്കിയിട്ടുണ്ട്. ശ്രീമതി അജിത സ്ഥാപനത്തിന്റെ മുഴുവൻ സമയ എഞ്ചിനീയറായതിനാൽ ആദ്യത്തെ 19 പ്രവൃത്തികളുടെ ടെണ്ടർ ഫീസ്, മുൻ വർഷങ്ങളിലേതു പോലെ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിക്ഷേപിക്കപ്പെടാനുള്ള സാധ്യതയും ചെക്യാട് പഞ്ചായത്ത് എഞ്ചിനീയറായ ശ്രീ റനീഷിന് സ്ഥാപനത്തിന്റെ അധികച്ചുമതലയായിരുന്നുവെന്നതിനാൽ ടിയാൻ നടത്തിയ 21 പ്രവൃത്തികളുടെ ഫീസ് ചെക്യാട് പഞ്ചായത്തിൽ ടിയാന്റെ പേരിലുള്ള അക്കൗണ്ടിൽ നിക്ഷേപിക്കപ്പെടാനുള്ള സാധ്യതയും ഓഡിറ്റിൽ വിശദീകരിക്കപ്പെട്ടിട്ടുണ്ട്. ഫീസ് ഏത് അക്കൗണ്ടിൽ നിക്ഷേപിക്കപ്പെട്ടെന്ന് കണ്ടെത്തി വസൂലാക്കേണ്ടതാണ് .കൂടാതെ ഇ ടെണ്ടർ വഴി നാളിതുവരെ നടത്തിയ പ്രവൃത്തികളുടെയും അവയ്ക്കോരോന്നിനും വരവ് വരേണ്ട ഫീസിന്റേയും വിശദാംശം ഇ ടെണ്ടർ ലോഗിനിൽ നിന്നും ശേഖരിച്ച് ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-16 അഗതി രഹിത കേരളം പദ്ധതിയിലെ ഗുണഭോക്താക്കൾക്ക് ഭക്ഷണം നൽകുന്നതിന് നടപടി സ്വീകരിച്ചില്ല

ഗ്രാമ പഞ്ചായത്തിൽ അഗതികളുടെ പുനരധിവാസത്തിനായി അഗതി രഹിതകേരളം പദ്ധതി നടപ്പാക്കി വരുന്നുണ്ട്. ഇതുവരെ ഈ പദ്ധതിയിൽ ചെലവഴിച്ച തുകയുടെയും, ഭൗതിക നേട്ടത്തിന്റെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | സേവന പാക്കേജിലെ ഇനം | ഗുണഭോക്താക്കളുടെ എണ്ണം | അടങ്കൽ | ചെലവ് |
|---|---|---|---|---|
| 1 | ഭക്ഷണം | 141 | 4354000 | 1933389 |
| 2 | വീട് | 25 | 112040000 | 2000000 |
| 3 | വീട് റിപ്പയറിങ്ങ് | 24 | 4354000 | 800000 |
| 4 | ഭൂമി | 5 | 675000 | ഇല്ല |
| 5 | കുടിവെള്ളം | 22 | 600000 | ഇല്ല |
| 6 | കക്കൂസ് | 6 | 123200 | 9240 |
| 7 | വിദ്യാഭ്യാസം | 10 | 21000 | ഇല്ല |
| 8 | ചികിത്സ | 95 | 388500 | ഇല്ല |

| | | | | |
|---|---|---|---|---|
| 9 | വസ്ത്രം | 21 | 56500 | 60000 |

ഈ പദ്ധതിക്ക് അംഗീകാരം ലഭിച്ചത് 2019-20 സാമ്പത്തിക വർഷത്തിലാണ്. ഇതിൽ ആകെ 141 ഗുണഭോക്താക്കളാണ് ഉൾപ്പെട്ടിരിക്കുന്നത്. മൂന്ന് വർഷമാണ് പദ്ധതി കാലയളവ് എന്നിരിക്കേ സേവന പാക്കേജിൽ സൂചിപ്പിച്ച മുഴുവൻ ആനുകൂല്യങ്ങളും ഗുണഭോക്താക്കൾക്ക് ലഭ്യമാക്കാൻ കഴിഞ്ഞിട്ടില്ല. പദ്ധതിക്ക് ചാലഞ്ച് ഫണ്ട് ഇനത്തിൽ 14,17,438/-രൂപ ലഭിക്കുകയുണ്ടായി. പ്രധാനമായും ഭക്ഷണ വിതരണത്തിനാണ് ഈ തുക വിനിയോഗിച്ചിരിക്കുന്നത്. ഈ തുക മുഴുവൻ വിനിയോഗിച്ചിട്ടുണ്ട്. 2022 ജൂലായ് മാസം വരെയാണ് ഈ തുക ഉപയോഗിച്ച് ഭക്ഷ്യക്കിറ്റ് വിതരണംചെയ്തത്. പിന്നീട് ഭക്ഷ്യക്കിറ്റ് വിതരണം ചെയ്യുന്നതിന് നടപടി ഉണ്ടായിട്ടില്ല. പഞ്ചായത്ത് തനത് ഫണ്ടിൽ നിന്നും ഭക്ഷ്യക്കിറ്റ് വിതരണം ചെയ്യുന്നതിന് തുക അനുവദിക്കാമായിരുന്നു എന്നാൽ ഇതിനുള്ള ശ്രമങ്ങൾ ഉണ്ടായിട്ടില്ല. ഭവനരഹിതരായ 25 ഗുണഭോക്താക്കളുള്ളതിൽ 5 പേർക്ക് മാത്രമാണ് ആനുകൂല്യം നൽകിയത്. ബാക്കിയുള്ള 20 പേർ ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്നതിന് വ്യക്തതയില്ല. പദ്ധതി ശരിയായ രീതിയിൽ മോണിറ്ററിംഗ് ചെയ്യാത്തതാണ് ഇത്തരം അപാകതകൾക്ക് കാരണമാകുന്നത്. പദ്ധതി വിലയിരുത്തുന്നതിന് കുടുംബശ്രീ വിലയിരുത്തൽ സമിതിയിൽ ഇതിനായി ഒരു ഉപസമിതി രൂപീകരിച്ചിട്ടില്ല. പദ്ധതി കാലയളവ് പൂർത്തിയായിട്ടും മുഴുവൻ ഗുണഭോക്താക്കൾക്കും സേവന പാക്കേജിൽ സൂചിപ്പിച്ച ആനുകൂല്യം ലഭിക്കാത്തത് സംബന്ധിച്ച് വിശദീകരണം നൽകാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.5/23/14.9.23) മറുപടി നൽകിയിട്ടില്ല. പദ്ധതിയിലെ മുഴുവൻ ഗുണഭോക്താക്കൾക്കും സേവനപാക്കേജിൽ സൂചിപ്പിച്ച മുഴുവൻ ആനുകൂല്യങ്ങളും ലഭ്യമാക്കാൻ അടിയന്തിര നടപടി സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-17 ആശ്രയ ഭവന പുനരുദ്ധാരണം - പദ്ധതി മാനദണ്ഡങ്ങൾ പാലിക്കുന്നതിൽ വീഴ്ച

വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായ പദ്ധതിയിൽ ആശ്രയ ഗുണഭോക്താവിന് ഭവന പുനരുദ്ധാരണ ആനുകൂല്യം നൽകിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| | |
|---|---|
| നിർവ്വഹണം | വി.ഇ.ഒ |
| പ്രോജക്റ്റ് നം. | 120/23 |
| അടങ്കൽ | 1,00,000/- |
| ഫണ്ട് | വികസനം. |
| ചെലവ് | 1,00,000/- |
| ബിൽ സാങ്ഷൻ നം. തീയതി | 701/23 /05.01.23 |

പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

പദ്ധതി നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് ഗുണഭോക്താവ് എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതും ആയത് പഞ്ചായത്തിലെ ഓവർസിയർ സാക്ഷ്യപ്പെടുത്തി നൽകേണ്ടതുമാണ്. ഇതിന്റെ അടിസ്ഥാനത്തിലാണ് പ്രവർത്തി നടത്തേണ്ടത്.എന്നാൽ ഗുണഭോക്താക്കളിൽ നിന്നും രജിസ്റ്റേഡ് എഞ്ചിനിയർ തയ്യാറാക്കിയ

ഡീറ്റെയ്ൽഡ് എസ്റ്റിമേറ്റ് വാങ്ങി ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. സ.ഉ.(കൈ) നം.115/22/തസ്വഭവ28.05.2022 പ്രകാരമുള്ള മാർഗ്ഗരേഖ ഖ.6-7-3ൽ ഇത്തരത്തിലുള്ള എസ്റ്റിമേറ്റ് വാങ്ങണമെന്ന് പരാമർശിച്ചിട്ടില്ല. എന്നിരിക്കേ ഗുണഭോക്താക്കൾ ഇതിനായി വലിയ തുക ചെലവഴിക്കേണ്ട സാഹചര്യമാണ് നിലവിലുള്ളത്. പദ്ധതിയുമായി ബന്ധപ്പെട്ട മോണിറ്ററിംഗ് റിപ്പോർട്ട്, പദ്ധതി പൂർത്തീകരണ സാക്ഷ്യപത്രം എന്നീ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. അപാകതകൾ വിശദീകരിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 6/23/15.09/23) മറുപടി സമർപ്പിച്ചിട്ടില്ല. പദ്ധതി മാർഗ്ഗരേഖയിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി ഗുണഭോക്താക്കളോട് അനാവശ്യമായ രേഖകൾ ആവശ്യപ്പെടുന്നത് ശരിയായ നടപടിയല്ല. ഇത് അവർക്ക് സാമ്പത്തിക നഷ്ടത്തിനും,സമയ നഷ്ടത്തിനും ഇടയാക്കും. ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-18 കുടുംബാരോഗ്യ കേന്ദ്രം ആശുപത്രി മാനേജിംഗ് കമ്മിറ്റിയുടെ കണക്കുകൾ ഓഡിറ്റിന് സമർപ്പിക്കുന്നതിൽ വീഴ്ച

2010 ലെ കേരള പഞ്ചായത്ത് രാജ് പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റി ചട്ടം 9 (1) പ്രകാരം ആശുപത്രി വികസന ഫണ്ടിന്റെ ഓഡിറ്റ് ലോക്കൽ ഫണ്ട് ഓഡിറ്റിൽ നിക്ഷിപ്തമാണ്. എന്നാൽ ഗ്രാമ പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള കുടുംബാരോഗ്യ കേന്ദ്രം ആശുപത്രി മാനേജിംഗ് കമ്മിറ്റിയുടെ വാർഷിക കണക്കുകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. രോഗികളിൽ നിന്ന് വാങ്ങുന്ന ഒ.പി ടിക്കറ്റ് ചാർജ്, വിവിധ ലാബ് ടെസ്റ്റുകൾക്ക് ഈടാക്കുന്ന തുകകൾ, മറ്റ് വരുമാനങ്ങൾ എന്നിങ്ങനെ നിലവിൽ എച്ച്.എം.സിയുടെ വരുമാനം വർദ്ധിച്ചിട്ടുണ്ട്. ഇവ കൃത്യമായി പരിശോധിക്കപ്പെടാതെയിരിക്കുന്നത് ശരിയായ നടപടിയല്ല.വാർഷിക കണക്കുകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതിലെ വീഴ്ചയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.7/23/ 14.9.23) മറുപടി സമർപ്പിച്ചിട്ടില്ല. വാർഷിക കണക്കുകൾ സമർപ്പിക്കാത്ത വിഷയത്തിൽ ഭരണ സമിതി അടിയന്തിരമായി ഇടപെടേണ്ടതും,കണക്കുകൾ സമർപ്പിക്കാനാവശ്യമായ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതുമാണ്.

## 1-19 കാർഷിക മേഖലയിൽ പദ്ധതികളാവിഷ്കരിക്കുന്നതിൽ വീഴ്ച

പദ്ധതി വർഷം കാർഷികമേഖലയിൽ നാല് പദ്ധതികളാണ് നടപ്പിലാക്കിയത്. ഇതിൽ രണ്ടെണ്ണം കൃഷിഭവന്റെ അടിസ്ഥാന സൗകര്യവുമായി ബന്ധപ്പെട്ടതാണ്. ഇടവിളക്കിറ്റ് വിതരണം (പ്രൊ.നം.238/23) ചെടിച്ചട്ടിയിൽ പച്ചക്കറികൃഷി വനിത(പ്രൊ.നം.99/23) എന്നിങ്ങനെ രണ്ട് പദ്ധതികളാണ് കർഷകർക്ക് നേരിട്ട് ആനുകൂല്യം ലഭിക്കുന്ന രീതിയിൽ നടപ്പാക്കിയിട്ടുള്ളൂ.കോഴിക്കോട് ജില്ലയുടെ മലയോരമേഖലയിൽ സ്ഥിതിചെയ്യുന്നതും, കാർഷിക-കുടിയേറ്റ പ്രദേശങ്ങൾ ഉൾപ്പെടുന്നതുമായ പഞ്ചായത്തിൽ കാർഷികമേഖലയിൽ വളരെയേറെ സാധ്യതകൾ ഉണ്ട്. എന്നാൽ ഇത് തിരിച്ചറിഞ്ഞ് പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്ന കാര്യത്തിൽ ആവശ്യമായ ശ്രദ്ധ ചെലുത്തിയതായി കാണുന്നില്ല.

സ.ഉ(കൈ) നം.84/2022/തസ്വഭവ. തി. 19.04.2022 പ്രകാരമുള്ള പതിനാലാം പദ്ധതി മാർഗ്ഗരേഖ ഖ.8-1 ൽ ഭക്ഷ്യവിളകളുടെ വിളവിസ്തൃതി,ഉത്പാദനം, ഉത്പാദന ക്ഷമത എന്നിവ വർദ്ധിപ്പിക്കാനുള്ള പദ്ധതികൾക്ക് പ്രാധാന്യം നൽകണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഒരു നിശ്ചിത കാലാവധിക്കുള്ളിൽ ഭക്ഷ്യോത്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുക എന്ന ലക്ഷ്യത്തോടെ നൈരന്തര സ്വഭാവത്തോടെ പദ്ധതികൾ നടപ്പാക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഈ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനാവശ്യമായ പദ്ധതികളാവിഷ്കരിക്കാൻ ഈ കാലയളവിൽ കഴിഞ്ഞിട്ടില്ല. കാർഷിക മേഖലയുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് മിനുട്സ് പരിശോധിച്ചതിൽ മേഖലയുടെ പുരോഗതിക്കാവശ്യമായ നിരവധി നിർദ്ദേശങ്ങൾ ഉയർന്ന് വന്നെങ്കിലും ഇവയൊന്നും തന്നെ

പ്രൊജക്ടുകളായി മാറിയിട്ടില്ല.കാർഷിക മേഖലയുമായി ബന്ധപ്പെട്ട് ഗ്രാമ പഞ്ചായത്ത് പ്രസിദ്ധീകരിച്ച സ്റ്റാറ്റസ് റിപ്പോർട്ടിൽ പഞ്ചായത്തിലെ മുഖ്യ സാമ്പത്തിക സ്രോതസ് കാർഷിക മേഖലയാണെന്ന് സൂചിപ്പിച്ചിട്ടുണ്ട്.പഞ്ചായത്തിൽ ഏകദേശം 3100 ഹെക്ടർ സ്ഥലത്ത് കൃഷിചെയ്തുവരുന്നുണ്ടെന്നും പരാമർശിച്ചിട്ടുണ്ട്. എന്നാൽ മേഖലയുടെ പ്രാധാന്യം തിരിച്ചറിഞ്ഞ് പദ്ധതികളാവിഷ്കരിക്കുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ട്. അപാകതയ്ക്ക് വിശദീകരണം നൽകാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.8/23/14.9.23) മറുപടി നൽകിയിട്ടില്ല. ഉൽപ്പാദന മേഖലയുടെ പുരോഗതി ഉറപ്പുവരുത്തുന്നതിന് കാർഷിക മേഖലയിൽ വൈവിധ്യമാർന്ന പദ്ധതികൾ നടപ്പാക്കാനാവശ്യമായ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്

## 1-20 ജാഗ്രതാ സമിതി പ്രവർത്തനങ്ങളിലെ അപാകതകൾ

സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള അതിക്രമമോ, അവഗണനയോ, ഏത് തലത്തിൽ/എവിടെ ഉണ്ടായാലും അതിനോട് പ്രതികരിക്കുകയും കുറ്റക്കാർക്കെതിരെ കർക്കശമായ നടപടികളെടുക്കുകയും ചെയ്യുക സ്ത്രീകൾക്കും കുട്ടികൾക്കും സധൈര്യം സ്വതന്ത്രമായി ജീവിക്കാനുള്ള സാഹചര്യം ഉണ്ടാക്കുക അവർക്കാവശ്യമായ പിന്തുണ നൽകുകയും ഒറ്റയ്ക്കല്ല എന്ന തോന്നൽ ഉണ്ടാക്കത്തക്കവിധം പ്രവർത്തിക്കുകയും ചെയ്യുക. അവർക്ക് ആവശ്യമായ നിയമപരിരക്ഷ ഉറപ്പുവരുത്തുക തുടങ്ങിയവ നിർവ്വഹിക്കാനുള്ള സംവിധാനമെന്ന നിലയിൽ പ്രാദേശിക സർക്കാർ തലത്തിൽ ജാഗ്രതാസമിതികൾ പ്രവർത്തിച്ച് വരുന്നു.

സ.ഉ. (എം.എസ്.) നം.31/07 സാ.ക്ഷേ.വ. തീയതി 23.06.2007 പ്രകാരം ജാഗ്രതാ സമിതികളുടെ സംഘാടനം സംബന്ധിച്ച് സർക്കാർ വിശദമായ മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്തിലെ ജാഗ്രതാ സമിതി അതിന്റെ ഉത്തരവാദിത്വം നിറവേറ്റുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ട്. ഓഡിറ്റിന്റെ ഭാഗമായി സമിതിയുടെ കഴിഞ്ഞ മൂന്ന് വർഷത്തെ മിനുട്സ് പരിശോധിക്കുകയുണ്ടായി. ഐ.സി.ഡി.എസ് സൂപ്പർവൈസറും ഒരു അങ്കണവാടി വർക്കറും മാത്രമാണ് യോഗങ്ങളിൽ പങ്കെടുത്തിട്ടുള്ളത്. സമിതിയുടെ ചെയർപേഴ്സൺ, മറ്റ് അംഗങ്ങൾ എന്നിവർ യോഗങ്ങളിൽ പങ്കെടുത്തിട്ടില്ല. മേൽ ഉത്തരവ് ഖ.1-3ൽ ഓരോ ഗ്രാമ പഞ്ചായത്തിലും വാർഡു തലത്തിൽ ജാഗ്രതാസമിതികൾ രൂപീകരിക്കേണ്ടതാണെന്ന് പരാമർശിച്ചിട്ടുണ്ട്. എന്നാൽ വാർഡ് തലത്തിലെ സമിതികളുടെ മിനുട്സ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഗ്രാമ പഞ്ചായത്തിൽ കഴിഞ്ഞ രണ്ടു വർഷത്തിനിടയിൽ ആറ് പോക്സോ കേസുകളും മറ്റു നിരവധി സ്ത്രീപീഡന പരാതികളും ഉണ്ടായിട്ടുണ്ടെന്ന് ഐ.സി.ഡി.എസ്.സൂപ്പർവൈസർ ഓഡിറ്റിനെ അറിയിക്കുകയുണ്ടായി. എന്നാൽ ഇത്തരം സാമൂഹ്യ വിപത്തുകൾ തിരിച്ചറിഞ്ഞ് ഇവയെ പ്രതിരോധിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ നടത്തുന്നതിന് സമിതിക്ക് കഴിഞ്ഞിട്ടില്ല.

ഗ്രാമപഞ്ചായത്തിലെ സ്ത്രീകളും കുട്ടികളും നേരിടുന്ന ബഹുമുഖമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സക്രിയമായ പങ്ക് വഹിക്കേണ്ട ജാഗ്രതാ സമിതികൾ പ്രവർത്തനരഹിതമാവുന്ന അവസ്ഥ ഗ്രാമ പഞ്ചായത്തിന്റെ ഈ മേഖലയിലെ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കാൻ സാധ്യതയുണ്ട്. ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമം സംബന്ധിച്ച വർക്കിംഗ് ഗ്രൂപ്പും ഇത് സംബന്ധിച്ച് കാര്യമായ ഇടപെടലുകൾ നടത്താത്തതാണ് ജാഗ്രതാ സമിതികളുടെ നിഷ്ക്രിയാവസ്ഥക്ക് കാരണമാവുന്നത്. അപാകതകൾക്ക് വിശദീകരണം നൽകാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.9/23/14.9.23) മറുപടി സമർപ്പിച്ചിട്ടില്ല. സ്ത്രീകളുടെയും കുട്ടികളുടെയും കാര്യത്തിൽ ജാഗ്രതാ സമിതികൾ കാര്യക്ഷമമായി ഇടപെടുന്നു എന്ന് ഉറപ്പുവരുത്താനാവശ്യമായ നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-21 തൊഴിൽ സംരംഭങ്ങൾക്ക് ഊന്നൽ നൽകി പദ്ധതി രൂപീകരിക്കുന്നതിൽ വീഴ്ച

പതിനാലാം പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങളിലൊന്ന്ചെറുകിട - പരമ്പരാഗത വ്യവസായങ്ങൾ

പ്രോൽസാഹിപ്പിക്കുകയും,അവയിൽ മൂലധന നിക്ഷേപം വർധിപ്പിക്കുകയും ചെയ്യുക എന്നതാണ്.എല്ലാ മേഖലകളിലും പരമാവധി തൊഴിലവസരങ്ങൾ സൃഷ്ടിക്കുക. തൊഴിൽ നൈപുണ്യ പരിശീലനം നൽകുക, സാങ്കേതിക സഹായം നൽകുക, സംരഭകത്വ വികസനത്തിന് പ്രോൽസാഹനം നൽകുക എന്നിവയും പദ്ധതിയുടെ ലക്ഷ്യങ്ങളാണ്. (സ.ഉ.(കൈ)നം.84/22/ തസ്വഭവ. തി.19.04.2022 ഖ 8-4 കാണുക)

സംരഭകത്വ പദ്ധതികളുടെ സാക്ഷാൽക്കാരത്തിനായി തദ്ദേശീയരായ സംരഭകരെ പ്രോൽസാഹിപ്പിക്കേണ്ടത് ആവശ്യമാണ്. അഭ്യസ്ത വിദ്യരായ യുവജനങ്ങൾക്ക് വിവിധ മേഖലകളിൽ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനു വേണ്ട നൈപുണ്യ വികസന പരിശീലനം വ്യാപകമായി നൽകുന്നതിനുള്ള പ്രൊജക്ടുകൾക്ക് രൂപം നൽകണം. എന്നാൽ പദ്ധതി വർഷം ഇത്തരത്തിലുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിന് കഴിഞ്ഞിട്ടില്ല. ചെറുകിട വ്യവസായവുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് മിനുട്സ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഈ മേഖലയിൽ പദ്ധതി വർഷം കാര്യമായ നേട്ടങ്ങൾ കൈവരിക്കാൻ പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല. വീഴ്ചയ്ക്ക് വിശദീകരണം നൽകാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.10/23/14.9.23) മറുപടി നൽകിയിട്ടില്ല. ചെറുകിട വ്യവസായ മേഖലയിൽ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കാനാവശ്യമായ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-22 പെയിൻ ആന്റ് പാലിയേറ്റീവ് പ്രവർത്തനങ്ങളിലെ അപാകതകൾ

പദ്ധതി വർഷം പഞ്ചായത്തിലെ പാലിയേറ്റീവ് പ്രവർത്തനങ്ങൾക്കായി നടപ്പിലാക്കിയ പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ(FHC) |
| പ്രൊജക്ട് നം | 19/23 |
| അടങ്കൽ | 1028550 |
| ഫണ്ട് | വികസനഫണ്ട്,എം.ജി.(എൻ.ആർ) |
| ചെലവ് | 10,07,494 |
| ബിൽനം.തി. | 820/11.07.22 |

കിടപ്പിലായ രോഗികൾക്ക് പരിചരണം നൽകുന്നതിനായി ഗ്രാമ പഞ്ചായത്തിൽ പെയിൻ ആന്റ് പാലിയേറ്റീവ് പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. രജിസ്റ്റർ ചെയ്ത 318 രോഗികളാണുള്ളത്. ഇതിൽ ഹോംകെയർ നൽകുന്നത് 140 രോഗികൾക്കാണ്. പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് സ.ഉ(സാധാ)നം.553/2019/തസ്വഭവ.തി.07.03.2019 പ്രകാരം സർക്കാർ പരിഷ്കരിച്ച മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. പദ്ധതിയുടെ നടത്തിപ്പിനായി പാലിയേറ്റീവ് മാനേജിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടെങ്കിലും ഇത് അവസാനമായി യോഗം ചേർന്നത് 18.11.2022 നാണ്. രണ്ട് മാസത്തിലൊരിക്കലോ ആവശ്യാനുസരണമോ യോഗം ചേർന്ന് തങ്ങളുടെ പരിധിയിൽ നടക്കുന്ന പാലിയേറ്റീവ് പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതും പോരായ്മകൾ പരിഹരിക്കേണ്ടതുമായ ഉത്തരവാദിത്തങ്ങൾ നിറവേറ്റേണ്ട കമ്മിറ്റി 10 മാസങ്ങളായി യോഗം ചേരാതിരിക്കുന്നത് പാലിയേറ്റീവ് പ്രവർത്തനങ്ങൾ താളം തെറ്റുന്നതിന് കാരണമാകും.

പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള രോഗികളുടെയും കുടുംബാംഗങ്ങളുടെയും ഒത്തുചേരൽ തദ്ദേശഭരണ സ്ഥാപനം/സബ്സെന്റർ/വാർഡ് അടിസ്ഥാനത്തിൽ സംഘടിപ്പിക്കേണ്ടതാണ്. ഇങ്ങനെയുള്ള ഒത്തുചേരലുകൾ രോഗികൾക്കും കുടുംബാംഗങ്ങൾക്കും അവർ അനുഭവിക്കുന്ന പ്രയാസങ്ങൾ പരസ്പരം പങ്കുവെക്കാനും ബുദ്ധിമുട്ടുകൾ തരണം ചെയ്യുവാൻ ആത്മവിശ്വാസം ലഭിക്കുവാനും ഉപകരിക്കും. എന്നാൽ പാലിയേറ്റീവ് പദ്ധതി തുടങ്ങിയതിന് ശേഷം ഇത്തരത്തിൽ ഒരു സംഗമം സംഘടിപ്പിക്കുന്നതിന് സാധിച്ചിട്ടില്ല. രോഗികൾക്ക് തെറാപ്പി സൗകര്യം ഏർപ്പെടുത്തിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം നൽകാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.11/23/14.9.23) മറുപടി നൽകിയിട്ടില്ല.

പഞ്ചായത്തിലെ പാലിയേറ്റീവ് പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന മാനേജിംഗ് കമ്മിറ്റി സമയബന്ധിതമായി യോഗം ചേരുന്നു എന്ന് ഉറപ്പുവരുത്തേണ്ടതും, പാലിയേറ്റീവ് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചും അറിയിക്കേണ്ടതാണ്.

## 1-23 ഫിഷറീസ് / വനിതാ മേഖലകളിൽ പദ്ധതി നടപ്പാക്കിയില്ല

ഭക്ഷ്യോത്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുക എന്ന ലക്ഷ്യത്തോടെ സർക്കാർ ആവിഷ്കരിച്ച സുഭിക്ഷകേരളം പദ്ധതിയുടെ നിർവ്വഹണ ചുമതല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കാണ്. മേൽ ചുമതല നിറവേറ്റുന്നതന്റെ ഭാഗമായി ഫിഷറീസ് മേഖലയിൽ പദ്ധതി ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതിന് കഴിഞ്ഞിട്ടില്ല.

1994 കേരള പഞ്ചായത്ത് രാജ് നിയമം 166-ാം വകുപ്പ് പ്രകാരമുള്ള 3-ാം പട്ടികയിൽ മേഖലാ അടിസ്ഥാനത്തിലുള്ള ചുമതലയിൽ കുളത്തിലെ മത്സ്യസമ്പത്തിന്റെ വികസനവും ശുദ്ധജലത്തിലെയും ക്ഷാരജലത്തിലെയും മീൻവളർത്തലും സമുദ്രവിഭവ വികസനവും നടപ്പാക്കുക എന്നത് ഗ്രാമപഞ്ചായത്തിന്റെ ചുമതലയാണ്. എന്നാൽ മുൻകാലങ്ങളിലൊന്നും തന്നെ മേഖലയിൽ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടില്ല. മേൽ വീഴ്ചകൾ മത്സ്യബന്ധന മേഖലയുടെ വികസനത്തിന് തടസ്സം സൃഷ്ടിച്ചിട്ടുണ്ട്.

സ.ഉ.(കൈ) നം. 84/22/തസ്വഭവ തി.19.04.2022 പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ ഖ. 6-3 ൽ പ്രത്യേക വനിതാ ഘടക പദ്ധതി നടപ്പാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. സ്ത്രീകൾ നേരിടുന്ന വികസന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള ആസൂത്രിതമായ ഇടപെടലുകൾ നടത്തുകയും സ്ത്രീകളുടെ നിർണ്ണായക ലിംഗപദവി ആവശ്യങ്ങൾ കണ്ടെത്തി പരിഹരിക്കുന്നതിന് പദ്ധതികൾ ആവിഷ്കരിക്കുക എന്നതാണ് വനിതാ ഘടക പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. എന്നാൽ തൻ വർഷം ഇത്തരം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിയതായി കാണുന്നില്ല. മേൽ വിവരിച്ച പദ്ധതികൾ നടപ്പാക്കാത്തതിനുള്ള കാരണം വിശദീകരിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 12/23/14.09.23) മറുപടി നൽകിയിട്ടില്ല. മുൻ വർഷങ്ങളിലെ റിപ്പോർട്ടുകളിൽ ഈ അപാകത പരാമർശിച്ചിട്ടുണ്ടെങ്കിലും ഇപ്പോഴും ഇത് ആവർത്തിക്കുന്നതായി കാണുന്നു. വനിതാ/ഫിഷറീസ് മേഖലകളിൽ പദ്ധതികൾ നടപ്പാക്കാനാവശ്യമായ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-24 ബഡ്സ് സ്കൂൾ നടത്തിപ്പ് - ആവശ്യമായ ജീവനക്കാരെ നിയമിച്ചില്ല.

ഗ്രാമ പഞ്ചായത്തിൽ 2018 മുതൽ പരപ്പുപാറ എന്ന സ്ഥലത്ത് ബഡ്സ് സ്കൂൾ പ്രവർത്തിക്കുന്നുണ്ട്.എന്നാൽ ഇതിന് ആവശ്യമായ ജീവനക്കാരെ നിയമിച്ചിട്ടില്ല. സ.ഉ (കൈ) നം.115/2022 തസ്വഭവ തി.28.05.2022 പ്രകാരമുള്ള മാർഗ്ഗരേഖ.ഖ.7.1.8 (3) ൽ ബന്ധപ്പെട്ട മേഖലയിൽ പ്രൊഫഷണൽ ബിരുദമുള്ള ഫിസിയോ തെറാപ്പിസ്റ്റ്, സ്പീച്ച് തെറാപ്പിസ്റ്റ് എന്നിവരെ നിയമിക്കാവുന്നതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും ഇതിനാവശ്യമായ നടപടി സ്വീകരിച്ചിട്ടില്ല. സ്ഥാപനത്തിന് സ്വന്തമായ പുതിയ ബിൽഡിംഗ് നിർമ്മാണ പ്രവർത്തി നടന്നു വരുന്നെങ്കിലും പൂർത്തിയായിട്ടില്ല. ഇപ്പോൾ ഇവിടെ 23 കുട്ടികളാണ് പഠിച്ച് കൊണ്ടിരിക്കുന്നത്. 28 കുട്ടികൾ റജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിലും മുഴുവൻ പേരും സ്ഥാപനത്തിൽ എത്തുന്നില്ല. നിലവിൽ രണ്ട് ടീച്ചർമാരും ഒരു ഹെൽപ്പറുമാണ് ഇവിടെ ഉള്ളത്. ഗ്രാമപഞ്ചായത്തിൽ മാനസികവൈകല്ല്യമുള്ള 35 കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകി വരുന്നുണ്ട് എന്നാൽ ഇവർക്ക് മുഴുവൻ സ്ഥാപനത്തിന്റെ സേവനം ലഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ചിട്ടില്ല. ഗുണഭോക്താക്കൾക്ക് തൊഴിൽ പരിശീലനം നൽകുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം നൽകാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 13/23/14.09.23) മറുപടി നൽകിയിട്ടില്ല. ബഡ്സ് സ്കൂൾ നടത്തിപ്പ് കാര്യക്ഷമമാക്കാനാവശ്യമായ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-25 വിശപ്പു രഹിത കേരളം പദ്ധതി നടത്തിപ്പിലെ അപാകതകൾ

ഗ്രാമ പഞ്ചായത്തിൽ നടപ്പാക്കിയ വിശപ്പുരഹിത കേരളം പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| നിർവ്വഹണം | അസി.സെക്രട്ടറി |
| പ്രോജക്ട് നം. | 115/23 |
| അടങ്കൽ | 2,00,000/- |
| ഫണ്ട് | വികസന ഫണ്ട് |
| ചെലവ് | 1,50,686/- |
| ബിൽനം. തി. | 348/23/6.1.23 |

ജനകീയ ഹോട്ടൽ നടത്തുന്നതുമായി ബന്ധപ്പെട്ട കെട്ടിടത്തിന്റെ വാടക ഇനത്തിൽ 1,48,275/- രൂപയും, വൈദ്യുതി ചാർജ് ഇനത്തിൽ 2,411/- രൂപയും അടയ്ക്കുന്നതിനാണ് ഈ പദ്ധതി നടപ്പാക്കിയത്. എന്നാൽ സ.ഉ (സാധാ) നം.2756/2021/തസ്വഭവ.തി.09.11.2022 ഉത്തരവ് പ്രകാരം തദ്ദേശസ്വയം ഭരണ വകുപ്പ് അസി.എഞ്ചിനിയർ കെട്ടിടവാടക നിശ്ചയിച്ചതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണം നൽകാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.14/23/14.9.23) മറുപടി നൽകിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ കെട്ടിട വാടക ഇനത്തിൽ നൽകിയ 1,48,275/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

## 1-26 ജൈവ വൈവിധ്യ സംരക്ഷണ പ്രവർത്തനങ്ങൾ - പദ്ധതി നടപ്പാക്കിയതിന്റെ വിശദ വിവരങ്ങൾ ലഭ്യമല്ല

നിർവ്വഹണം - സെക്രട്ടറി

അടങ്കൽ - 3,49,540

ചെലവ് - 1,22,350 (404/31.03.23)

ബയോഡൈവേഴ്സിറ്റി മാനേജ്മെന്റ് കമ്മിറ്റി പ്രവർത്തനങ്ങൾക്കായി അനുവദിച്ച ഫണ്ടുപയോഗിച്ച്, തൊഴിലുറപ്പ് പദ്ധതി പ്രയോജനപ്പെടുത്തി പുഴ പുറമ്പോക്കിൽ മുളം തൈകൾ വെച്ചു പിടിപ്പിക്കുന്നതാണ് പദ്ധതി. മണ്ണൊലിപ്പ് തടയൽ, ജലസംരക്ഷണം, പുഴയോരത്തെയും സമീപപ്രദേശത്തെയും ജൈവവൈവിധ്യ സംരക്ഷണം ഉറപ്പാക്കൽ തുടങ്ങിയവയാണ് പദ്ധതിയുടെ ലക്ഷ്യം. ഇതിനായി പീച്ചിയിലെ ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്ന് 1,22,350/- രൂപ ചെലവഴിച്ച് 2132 മുളം തൈകൾ വാങ്ങിയിട്ടുണ്ട്. പദ്ധതി നടത്തിപ്പിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1) മുളം തൈകൾ വാങ്ങുന്നതിന് പണം ചെലവഴിച്ചതല്ലാതെ തൈകൾ ലഭിച്ചതിന്റേയോ സ്റ്റോക്കിലെടുത്തതിന്റേയോ പുഴയോരത്ത് വെച്ചു പിടിപ്പിച്ചതിന്റേയോ പരിപാലിച്ചതിന്റേയോ പദ്ധതി മോണിറ്ററിംഗ് ചെയ്തതിന്റേയോ രേഖകൾ ഫയലിലില്ല. പദ്ധതി നടപ്പിലാക്കിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

2) ബയോഡൈവേഴ്സിറ്റി മാനേജ്മെന്റ് കമ്മിറ്റിയുടെ കെ.ജി.ബി യിലെ പാസ്സ് ബുക്ക് പരിശോധിച്ചതിൽ (അക്കൗണ്ട് നം - 40227101066517) 28.02.2018 ന് 4,20,000/-രൂപ വരവ് വന്നതായി കാണുന്നു. പലിശയുൾപ്പെടെ 01.05.2023ന് 4,02,875/- രൂപ അക്കൗണ്ടിൽ നീക്കിയിരിപ്പുള്ളതായും കാണുന്നുണ്ട്. 1,22,350/- രൂപയുടെ ചെലവ് മേൽ അക്കൗണ്ടിൽ നിന്ന് ചെലവഴിക്കാതെ തനതുഫണ്ടിൽ നിന്നാണ് ചെലവഴിച്ചിരിക്കുന്നത്. 1,22,350/-രൂപ ബയോഡൈവേഴ്സിറ്റി മാനേജ്മെന്റ് കമ്മിറ്റിയുടെ അക്കൗണ്ടിൽ നിന്ന് തനതു ഫണ്ടിലേക്ക് മാറ്റേണ്ടതാണ്.

3) ഫണ്ട് ലഭ്യമായിട്ടും തൈകൾ വാങ്ങിയത് ജലക്ഷാമമുള്ള മാർച്ച് മാസത്തിലാണ്. തൈകൾ നടാൻ അനുയോജ്യമായ മഴക്കാലം പദ്ധതി നടപ്പിലാക്കാതിരുന്നതിന് കാരണം വ്യക്തമാക്കേണ്ടതാണ്.

### 1-27 പുഴ പുറമ്പോക്ക് സംരക്ഷണത്തിൽ വീഴ്ച

വാണിമേൽ പുഴയുടെ തീരത്ത് സ്ഥിതി ചെയ്യുന്ന, ധാരാളം പുഴ പുറമ്പോക്ക് ഭൂമിയുള്ള ഗ്രാമപഞ്ചായത്താണ് വാണിമേൽ ഗ്രാമപഞ്ചായത്ത്. 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 218 (1) മുതൽ 218 (4) വരെയുള്ള വകുപ്പുകൾ പ്രകാരം ആക്ട് നിലവിൽ വരുന്ന തീയതി മുതൽ എല്ലാ ജലമാർഗ്ഗങ്ങളും, നീരുറവകളും, ജലസംഭരണികളും, നദികളുടെ തടങ്ങളും തീരങ്ങളും, തടാകങ്ങളും ചെറുകായലുകളും, നീരുറവകളും കുളങ്ങളും നീർത്തടങ്ങളും കെട്ടിനിൽക്കുന്നതും ഒഴുകിപോകുന്നതുമായ എല്ലാ ജലവും നീരുറവകളും ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമാക്കപ്പെട്ടിരിക്കുന്നു. മേൽ വകുപ്പുകളിലൂടെ ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമാക്കപ്പെട്ടിരിക്കുന്ന അവകാശങ്ങളും ബാദ്ധ്യതകളും നിർവ്വഹിക്കുന്നതിന് സഹായകമാകും വിധം ഗ്രാമപഞ്ചായത്ത് പുഴപുറമ്പോക്കുകളെ സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുകയോ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള പുറമ്പോക്ക് ഭൂമി എത്രയെന്നത് സംബന്ധിച്ച യാതൊരു രേഖയും ഗ്രാമപഞ്ചായത്തിൽ ലഭ്യമല്ല. 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 242-ാം വകുപ്പും 1996ലെ കേരള പഞ്ചായത്ത് രാജ് (വില്ലേജ് ആഫീസർമാർ നിർവ്വഹിക്കേണ്ട കർത്തവ്യങ്ങൾ) ചട്ടങ്ങൾ പ്രകാരവും റവന്യൂ വകുപ്പിന്റെ സഹായം ലഭ്യമാക്കി, പുഴ പുറമ്പോക്കുകൾ അളന്ന് തിട്ടപ്പെടുത്തി സംരക്ഷിക്കുന്നതിന് നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2022-23 | 11-9-2023-12-09-2023 | ഇതേ നമ്പർ ഓഡിറ്റ് റിപ്പോർട്ടിനോടൊപ്പം പുറപ്പെടുവിച്ച |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 10000 | 120/22-23.ആശ്രയ ഭവനപുനരുദ്ധാരണം-ജനറൽ | 10,000 | 0 |

| | | | | | |
|---|---|---|---|---|---|
| | 2022-23 | 500000 | 234/22-23.റിംഗ് കമ്പോസ്റ്റ് | 5,00,000 | |
| | 2022-23 | 1310000 | 133/22-23.ലൈഫ് ഭവനപദ്ധതി 22-23 | 13,10,000 | 0 |
| | 2022-23 | 238000 | 17/22-23.ഭിന്നശേഷി സ്കോളർഷിപ്പ് | 2,38,000 | 0 |
| | 2022-23 | 200000 | 90/22-23.ക്ഷീരകർഷകർക്ക് മിൽക്ക് ഇൻസെന്റീവ് | 2,00,000 | 0 |
| | 2022-23 | 200000 | 32/22-23.ബഡ്സ് സ്കൂൾ പ്രവർത്തനം | 2,00,000 | |
| ജില്ലാ പഞ്ചായത്ത് | 2022-23 | 100000 | 17/22-23.ഭിന്നശേഷി സ്കോളർഷിപ്പ് | 1,00,000 | 0 |
| | 2022-23 | 3296478 | 139/22-23.ലൈഫ് ഭവനപദ്ധതി പട്ടികവർഗ്ഗം 22-23 | 32,96,478 | 0 |
| | 2022-23 | 150000 | 138/22-23.ലൈഫ് ഭവനപദ്ധതി-പട്ടികജാതി | 1,50,000 | 0 |
| | 2022-23 | 250000 | 133/22-23.ലൈഫ് ഭവനപദ്ധതി 22-23 | 2,50,000 | |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരങ്ങൾ

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | തൻവർഷം എടുത്ത വായ്പ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | സ.ഉ(എം.എസ്) 3367/2021.ത.സ്വ.ഭ.വ തീയതി-07/04/2021 | 15,00,000 | 85,79,995 | 14,98,090 | | 85,81,905 |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 0 |

| | |
|---|---|
| തൻവർഷം നിക്ഷേപിച്ച തുക | 65,00000 |
| ആകെ | 65,00000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 65,00000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി /പോസ്റ്റ് ഓഫീസ്....) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | റിമാർക്സ് |
|---|---|---|---|---|---|
| 1 | കേരള ഗ്രാമീൺ ബാങ്ക് വാണിമേൽ . ഷെയർ സർട്ടിഫിക്കറ്റ് നം-1098746 | 16.03.2023 | 12 മാസം | 500000 | |
| 2 | കേരള ഗ്രാമീൺ ബാങ്ക് വാണിമേൽ . ഷെയർ സർട്ടിഫിക്കറ്റ് നം-1098743 | 16.03.2023 | 12 മാസം | 500000 | |
| 3 | കേരള ഗ്രാമീൺ ബാങ്ക് വാണിമേൽ . ഷെയർ സർട്ടിഫിക്കറ്റ് നം-1098744 | 16.03.2023 | 12 മാസം | 500000 | |
| 4 | കക്കട്ടിൽ കോ-ഓപ്പറേറ്റീവ് റൂറൽ ബാങ്ക് ഷെയർ സർട്ടിഫിക്കറ്റ് നം-112537 | 15.03.2023 | 12 മാസം | 500000 | |
| 5 | കക്കട്ടിൽ കോ-ഓപ്പറേറ്റീവ് റൂറൽ ബാങ്ക് ഷെയർ സർട്ടിഫിക്കറ്റ് നം-112538 | 15.03.2023 | 12 മാസം | 500000 | |
| 6 | കക്കട്ടിൽ കോ-ഓപ്പറേറ്റീവ് റൂറൽ ബാങ്ക് ഷെയർ | 15.03.2023 | 12 മാസം | 500000 | |

| | | | | | |
|---|---|---|---|---|---|
| | സർട്ടിഫിക്കറ്റ് നം-112539 | | | | |
| 7 | കക്കട്ടിൽ കോ-ഓപ്പറേറ്റീവ് റൂറൽ ബാങ്ക് ഷെയർ സർട്ടിഫിക്കറ്റ് നം-112540 | 15.03.2023 | 12 മാസം | 500000 | |
| 8 | കക്കട്ടിൽ കോ-ഓപ്പറേറ്റീവ് റൂറൽ ബാങ്ക് ഷെയർ സർട്ടിഫിക്കറ്റ് നം-112541 | 15.03.2023 | 12 മാസം | 500000 | |
| 9 | കക്കട്ടിൽ കോ-ഓപ്പറേറ്റീവ് റൂറൽ ബാങ്ക് ഷെയർ സർട്ടിഫിക്കറ്റ് നം-112542 | 15.03.2023 | 12 മാസം | 500000 | |
| 10 | വാണിമേൽ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്.ഷെയർ സർട്ടിഫിക്കറ്റ് നം-8067 | 15.03.2023 | 12 മാസം | 500000 | |
| 11 | വാണിമേൽ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്.ഷെയർ സർട്ടിഫിക്കറ്റ് നം-8065 | 15.03.2023 | 12 മാസം | 500000 | |
| 12 | വാണിമേൽ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്.ഷെയർ സർട്ടിഫിക്കറ്റ് നം-8066 | 15.03.2023 | 12 മാസം | 500000 | |
| 13 | വാണിമേൽ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്.ഷെയർ സർട്ടിഫിക്കറ്റ് നം-8068 | 15.03.2023 | 12 മാസം | 500000 | |
| ആകെ | | | | 65,00000/- | |

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം 1,692/-രൂപ വരവുണ്ട്.

| റിപ്പോർട്ട് വർഷം | ഭാഗം / ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേര് | രസീതു നമ്പർ തീയതി |
|---|---|---|---|---|
| 2021-22 | 1-10 | 1,692 | ശ്രീ.മുഹമ്മദലി | 1220104976/17-02-2023 |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| | | 2011-12 | 3.3.6.121 | അങ്കണവാടികളുടെ ഭൗതികസാഹചര്യം | നില നിൽക്കുന്നു. |
| | | 2015-16<br>2015-16 | 3.6.1.24<br>3-7-13 | എസ്.സി.എസ്.ടി അടിസ്ഥാന സൗകര്യ വികസനം<br>പദ്ധതി മാർഗ്ഗരേഖ അവഗണിച്ചു | നില നിൽക്കുന്നു. |

| | | | | | |
|---|---|---|---|---|---|
| 2014-15 | 2-2 | 2016-17 | അനുബന്ധം 4.188 | തൊഴിൽ നികുതി അപാകതകൾ | നില നിൽക്കുന്നു. |
| 2017-18 | 2-2 | 2018-19 | | ആഭ്യന്തര നിയന്ത്രണ സംവിധാനം പോരായ്മകൾ | നില നിൽക്കുന്നു. |
| 2017-18 | 2-8 | 2018-19 | | വിവിധോദ്ദേശങ്ങൾക്ക് ലഭിച്ച തുകകൾ തനത് ഫണ്ടെന്ന നിലയിൽ ചെലവഴിച്ചതിനാൽ തനത്ഫണ്ട് കമ്മിയായി | നില നിൽക്കുന്നു. |

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ്(റസീറ്റ്&പേയ്മെന്റ് പ്രകാരം) | : | 44620043 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ്(റസീറ്റ്&പേയ്മെന്റ് പ്രകാരം) | : | 40416019 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 148275 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-25 | 148275 | ശ്രീ.ഇബ്രാഹിം.അസി.സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ഇബ്രാഹിം.അസി.സെക്രട്ടറി | | കുണ്ടൻചാലിൽ, പേരിയ പോസ്റ്റ്, തലപ്പുഴ-670644 |
| ശ്രീ.സജീവൻ എം.സി, സെക്രട്ടറി | സെക്രട്ടറി (റിട്ടയേർഡ്) | മടവഞ്ചാലിൽ, മേപ്പയിൽ പി.ഒ,വടകര-673104 |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1997-98 | കെ.എസ്.എ.കെ.കെ.ഡി.പി4/ 876/ 2017തി.10.12.2019 | 1 | 38 |
| 1998-99 (പദ്ധതി) | കെ.എസ്.എ.കെ.കെ.ഡി.പി4/876/ 2017തി.10.12.2019 | 1 | 26 |
| 1999-00 (പ്ലാൻ) | എൽ.എഫ്.എസ്.3/789/03 09.10.2003 | 2 | 24,25 |
| 2001-02 | കെ.എസ്.എ.കെ.കെ.ഡി.പി4/ 1129/2021(3) തി.25.04.2023 | 3 | 2-1,2-4,3-1 |
| 2010-11 | കെ.എസ്.എ.കെ.കെ.ഡി.പി4/ 1129/ 2021(11) തി.25.04.2023 | 3 | ,3-8, 3-10,3-13 |
| 2011-12, 2012-13 | കെ.എസ്.എ.കെ.കെ.ഡി.പി4/ 1129/ 2021(12) തി.25.04.2023 | 7 | 2-1, 3-1,3-3,3-4, 3-5,3-6,3-10 |
| 2013-2014, 2014-15 | കെ.എസ്.എ.കെ.കെ.ഡി.പി4/ 1129/ 2021(13) തി.25.04.2023 | 18 | 2-2,3-3,3-4,3-10, 3-11,3-12, 3-16,3-18,3-19, 3-20,3-21,3-22, |

| | | | |
|---|---|---|---|
| | | | 3-27,3-28,3-29,<br>3-30,3-31,3-32 |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി.പി4/<br>1129/ 2021(14) തി.25.04.2023 | 16 | 2-9,3-4,3-12 മുതൽ<br>3-21 ,3-22, വരെ<br>3-25, 3-36 |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി.പി4/<br>1129/ 2021(15) തി.25.04.2023 | 14 | 2-2,2-4,2-5,3-3,<br>3-4,3-6,3-8,3-9,<br>3-10,3-12,3-13,3-14,<br>3-15,3-16 |
| 2017-18 | കെ.എസ്.എ.കെ.കെ.ഡി.പി4/<br>1129/ 2021(16) തി.25.04.2023 | 12 | 2-1,2-3,2-4,2-10,<br>3-3,3-5,3-6മുതൽ<br>3-10വരെ,3-14 |
| 2018-19 | കെ.എസ്.എ.കെ.കെ.ഡി.പി4/<br>1129/ 2021(17) തി.25.04.2023 | | 1-4,1-5,1-7മുതൽ<br>1-16<br>വരെ,1-18,1-19,1-21,<br>1-22 മുതൽ<br>1-25വരെ,1-28,<br>1-31,<br>1-32,1-35,1-36,<br>1-37,1-38 |
| 2019-20 | കെ.എസ്.എ.കെ.കെ.ഡി./<br>പി4 /522/2022 തീ.25.05.2023 | 18 | 1-1 ,1-2-1,1-4,1-5,<br>1-6,1-7,1-8,1-9,1-10,<br>1-11,1-12,1-13,1-14,1-15,<br>1-22,1-23,1-24,1-25,<br>1-26,4-11 |
| 2020-21 | കെ.എസ്.എ.കെ.കെ.ഡി./പി4 /<br>997/2022 തീ. 26.05.2013 | 26 | 1-9 മുതൽ 1-1,<br>1-2-1,1-4, 1-7-1, 1-19<br>വരെ 1-21, 1-23<br>മുതൽ 1-26 വരെ |
| 2021-22 | കെ.എസ്.എ.കെ.കെ.ഡി./പി4<br>/751/2023 തീ.20.05.2023 | 23 | 1-1,1-2-1,1-4,<br>1-5,1-6,1-9,<br>1-11 മുതൽ<br>1-28വരെ |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

# Annexure 1
# Audit Certificate

i. I have audited the attached Financial statements approved vide resolution number 03/01 dated 11-07-2023 and submitted on 12-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Vanimel Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Vanimel Grama Panchayat for the year 2022-2023

Date: 03/11/2023

Deputy Director
District Office Kozhikode
Kerala State Audit Department

## Audit Report appended to the Audit Certificate of Vanimel Grama Panchayat for the Year 2022-2023.

**1.Major Observations**

1.All assets are not included in Balance sheet. eg-vehicles

**2.Other Observations**

1.The following mandatory financial statements prescribed in accounting rules are not submitted for audit

eg-Ratios

2.Cashflow statement-Net increase/decrease in cashflow does not match with the difference between the opening balance and and closing balance
of cash and cash equivalence

3.The following registers are not maintained Loan register,Stock register

4.Lapses in making timely and accurate demand entries

5.Difference in amount in AFS and and deposit and advance register

6. Demand registers are not periodically reconciled with accounts

7. Work sheet for calculation of Depreciation is not provided

8. E-tender fee is not accounted in the receivables schedule of the balance sheet

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ വാണിമേൽ ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്